ഡി സി ബുക്സ്

റഫറൻസ്

ISBN 81-264-1465-0 00002

9 788126 414659

2750 രൂപ (3 വാല്യങ്ങൾ)

ലോക രാഷ്ട്രങ്ങൾ

1

dcb

# ലോക രാഷ്ട്രങ്ങൾ

## 1

## ഏഷ്യ, ഒഷ്യാനിയ

dcb

College of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No.............................. Call No. 1295

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

95

Malayalam Language
**Lokarāshtrangal (Vol. I)**
**Asia, Oceania**
Reference in 3 Volumes

Chief Editor
**Ravi Deecee**

General Editor
**Dr. P.K. Rajasekharan**

Editor
**Dr. Radhika C. Nair**

Rights Reserved

First Published April 2007
3rd edition September 2007

Cover Design and Art Direction
**N. Ajayan**

Printed in India at
**D C Press (P) Ltd.**, Kottayam 686 012
**Lovely Offset Printers (P) Ltd.**, Sivakasi

Publishers
**D C Books**
Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookstore.com

Although utmost care has been taken in the preparation of this book, neither the publishers nor the editors/compilers can accept any liability for any consequence arising from the information contained therein. The publisher will be grateful for any information, which will assist them in keeping future editions up to date. No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

D C BOOKS - The first Indian Book Publishing House to get ISO Certification

Rs. 2750.00 (3 Vol. Set)

426/07-08-Sl.No. 7760-dcb 3474-(3)5000-09-07

D C Books Cataloguing in Publication Data
Lokarashtrangal. 3rd ed. – Kottayam: D C Books, 2007.
3 v., 2500 p. cm., illus., col.
CONTENT: - v.1. Asia and Oceania. – v.2. Europe, North America and Caribbean – v.3. Latin America and Africa.
Includes index.
ISBN 81-264-1465-0
1. World Geography. 2. World History. 3. Nations – reference books.
I. Rajasekharan P. K. Gen. Ed. II. Ravi D.C. Chief. Ed.
910 – dc22



**സമർപ്പണം**

മലയാളികളുടെ വായനയെയും വിജ്ഞാനത്തെയും എന്നും പ്രോത്സാഹിപ്പിച്ച,
സാംസ്കാരിക നവോത്ഥാന മുന്നണി പ്രവർത്തകനും ഞങ്ങളുടെ മാർഗ്ഗദർശിയും ആയിരുന്ന
ഡി സി കിഴക്കെമുറി (1914-'99) യുടെ സ്മരണയ്ക്ക്

# ലോക രാഷ്ട്രങ്ങൾ


ഉപദേശകസമിതി

ശശി തരൂർ
സുകുമാർ അഴീക്കോട്
ടി.ജെ.എസ്. ജോർജ്
പി. ഗോവിന്ദപ്പിള്ള
ഡോ. ബി. ഇക്ബാൽ

ചീഫ് എഡിറ്റർ
രവി ഡി സി

എഡിറ്റർ
ഡോ. രാധിക സി. നായർ

അസോസിയേറ്റ് എഡിറ്റർ
പി.എസ്. ജയൻ

കോ-ഓർഡിനേറ്റർ
എ. വിജയലക്ഷ്മി

Advisory Board

**Shashi Tharoor**
**Sukumar Azheekode**
**T. J. S. George**
**P. Govinda Pillai**
**Dr. B. Ekbal**

Chief Editor
**Ravi Deecee**

Editor
**Dr. Radhika C. Nair**

Associate Editor
**P. S. Jayan**

Co-ordinator
**A. Vijayalekshmi**

# പ്രസാധകക്കുറിപ്പ്

(ഒന്നാം പതിപ്പിനെഴുതിയത്)

**ലോ**കവിജ്ഞാനം ഏവർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ലോകത്ത് ഇന്ന് നിലവിലുള്ള 241 പൊളിറ്റിക്കൽ എന്റിറ്റികളെയാണ് 'ലോകരാഷ്ട്രങ്ങൾ' (മൂന്നു വാല്യം) പ്രോജക്ടിലൂടെ ഡി സി ബുക്സ് അവതരിപ്പിക്കുന്നത്. ഒരേ സമയം വിജ്ഞാനകോശവും ചരിത്രഗ്രന്ഥവും കറന്റ് അഫയേഴ്സ് ഗൈഡും യാത്രാവിവരണവുമായി വർത്തിക്കുന്നു 'ലോകരാഷ്ട്രങ്ങൾ.' ഏഷ്യ-ഒഷ്യാനിയ, യൂറോപ്പ്-വടക്കേ അമേരിക്ക-കരീബിയൻ, ലാറ്റിനമേരിക്ക-ആഫ്രിക്ക എന്നിങ്ങനെ രാഷ്ട്രങ്ങളെ വിഭജിച്ചിരിക്കുന്ന മൂന്നു വാല്യങ്ങളിൽ യു.എൻ. അംഗീകൃതമായ 192 രാജ്യങ്ങൾ കൂടാതെ അധീനപ്രദേശങ്ങളും പ്രത്യേക ഭരണമേഖലകളും ഉൾപ്പെടുത്തി 241 രാജ്യങ്ങളായി വിപുലീകരിച്ചിരിക്കുന്നു. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങി വിജ്ഞാനകുതുകികളായ ഏവർക്കും പ്രയോജനപ്പെടുന്ന തരത്തിലാണ് ഇതിന്റെ അവതരണം. ഓരോ വാല്യത്തിലും 48 കളർ പേജുകൾ വീതമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രത്യേക പേജുകളിലുള്ള പതാകകളടക്കം 450-ഓളം പേജുകളിലായാണ് ബഹുവർണ്ണ ചിത്രങ്ങൾ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

1977-ൽ ഡി സി ബുക്സ് 'ലോകരാഷ്ട്രങ്ങൾ' പരമ്പര പ്രസിദ്ധീകരിച്ചിരുന്നു. ആ പ്രോജക്ടിന്റെ ചീഫ് എഡിറ്റർ എൻ.വി. കൃഷ്ണവാരിയർ ആയിരുന്നു. അതിൽനിന്നും വ്യത്യസ്തമായി ഒരു വിജ്ഞാനകോശത്തിന്റെ കെട്ടിലും മട്ടിലുമുള്ള ഒരു പുതിയ പരീക്ഷണമാണ് ഇതിന്റെ അവതരണം. ലോകത്തെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ വ്യത്യസ്തമായ രീതിയിൽ യാത്രാനുഭവങ്ങളായുള്ള സഞ്ചാരരേഖയിൽനിന്നും ലഭിക്കുന്നു. ഒരുപക്ഷേ, ഇതിനു പകരം വയ്ക്കാൻ രാജ്യങ്ങളെക്കുറിച്ചുള്ള ഒരു വിജ്ഞാനകോശവും ലോകത്ത് എവിടെയും കാണില്ല. അനേകം പുസ്തകങ്ങളിൽനിന്നും ലഭിക്കുന്ന ഒട്ടനവധി വിവരങ്ങളുടെ ഒരു കൂട്ടമാണിത്. ഭാവിയിൽ ഈ മാതൃക മറ്റു പല പ്രസാധകരും അനുകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളു.

രാജ്യങ്ങളോടൊപ്പം അവയുടെ ഭൂപടങ്ങളും ലഭ്യമാക്കുന്നതിനായി ഈ പുസ്തകം പ്രി പബ്ലിക്കേഷൻ വ്യവസ്ഥയിൽ ഒന്നിച്ചു പണമടച്ച് ബുക്ക് ചെയ്തവർക്ക് 3999 രൂപ വില വരുന്ന നാഷണൽ ജിയോഗ്രഫിക്കിന്റെ (The Complete Collection of Maps) എട്ട് സി.ഡി.കൾ സൗജന്യമായി പുസ്തകത്തോടൊപ്പം നല്കുന്നു.

ലോകത്ത് ഒരു റഫറൻസ് ഗ്രന്ഥവും പൂർണമല്ല, ഈ പുസ്തകം തീർത്തും കുറ്റമറ്റതെന്ന് ഞങ്ങൾ അവകാശപ്പെടുന്നുമില്ല. ഇത് തികച്ചും കുറ്റമറ്റതാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഏതെങ്കിലും രാജ്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളിൽ തെറ്റുകളോ മാറ്റങ്ങളോ ഉണ്ടെങ്കിൽ സദയം അറിയിക്കുമല്ലോ.

മൂന്ന് വർഷം മുൻപ് ലോകരാഷ്ട്രങ്ങൾ എന്ന ആശയം ഞങ്ങൾ ചർച്ചചെയ്ത് പ്രഗല്ഭരായ ഒരു എഡിറ്റോറിയൽ ടീമിനെ തന്നെയാണ് ഏല്പിച്ചത്. ലോകരാഷ്ട്രങ്ങൾ ബൃഹദ്പദ്ധതിയുടെ ഉപദേശക സമിതിയിൽ അംഗമായിരുന്ന് ആമുഖലേഖനം തയ്യാറാക്കി തന്ന ശശി തരൂരിന് പ്രത്യേകം നന്ദി. ഉപദേശകസമിതി അംഗമായി വേണ്ട നിർദ്ദേശങ്ങൾ തന്ന സുകുമാർ അഴീക്കോട്, ടി.ജെ.എസ്. ജോർജ്, പി. ഗോവിന്ദപ്പിള്ള, ഡോ. ബി. ഇക്ബാൽ എന്നിവർക്ക് നന്ദി. എഡിറ്റോറിയൽ ടീമിന് വേണ്ട ഉപദേശങ്ങൾ തരുകയും തന്റെ ലേഖനങ്ങൾ ചേർക്കാൻ അനുവാദം നല്കുകയും ചെയ്ത ജനറൽ എഡിറ്റർ ഡോ. പി.കെ. രാജശേഖരന് നന്ദി. ഈ പ്രോജക്ടിന്റെ എഡിറ്റർ ഡോ. രാധിക സി. നായർ ആണ്. ലേഖന സഹായം പി.എസ്. ജയൻ ആണ്. രണ്ടു പേർക്കും നന്ദി. എസ്.കെ. പൊറ്റെക്കാട്ട്, സക്കറിയ, അനിതാപ്രതാപ് തുടങ്ങി പ്രമുഖർ രചിച്ച യാത്രാവിവരണങ്ങളിൽനിന്നും തിരഞ്ഞെടുത്ത ചില ഭാഗങ്ങൾ അതാത് രാജ്യത്തോടൊപ്പം ചേർത്തിരിക്കുന്നു. അവ ഉൾപ്പെടുത്താൻ അനുമതി തന്നതിന് നന്ദി. ഇതിന്റെ വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച നിരവധി ആളുകളുണ്ട്. എഡിറ്റോറിയൽ, പ്രി പബ്ലിക്കേഷൻ, പ്രൊമോഷൻ, സെയിൽസ് & മാർക്കറ്റിങ്, ഡി.റ്റി.പി., പ്രൂഫ്, പ്രിന്റിങ്, അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ, അഹോരാത്രം പ്രയത്നിച്ച ഓരോരുത്തർക്കും വാക്കുകൾക്കതീതമായ നന്ദി.

23.04.'07

**രവി ഡി സി**



# INTRODUCTION

In a post-national age, we have all become subjects of global governance. As we look towards our own multiple realities being globalised by the minute, we also need to turn outwards and look at what is happening elsewhere in the world. *Lokarashtrangal* will help foster this kind of a world view and open a new window to the world. Looking at India's diversity and eclectic variety, while at the same time seeking to map a fast changing world, *Lokarashtrangal* will indeed be of great value to Malayali readers.

The more one studies world affairs these days, the more one hears about "global governance". The origins of the concept, though not the term itself, go back to 1945, when the Allies that won the World War II wanted to convert their wartime alliance into a more permanent mechanism to prevent war and promote development and human rights.

In the preceding four decades, the world had known almost nothing but war and strife, bookended by two savage World Wars, civil conflict, mass expulsions of populations, and the horrors of the Holocaust and Hiroshima. The record of the next six, by contrast, is one of amazing advances almost everywhere — economic expansion, technological progress, reduction of child mortality, gains in literacy, the end of colonialism, and the spread of political freedom. Democracy and human rights are not yet universal, but they are now much more the norm than the exception.

This did not happen by accident. It happened because, in and after 1945, a group of far-sighted leaders were determined to make the second half of the 20th century different from the first. They consciously drew up rules to govern international behaviour, and they founded institutions in which different nations could cooperate for the common good. That was the idea of what we now call "global governance" — to foster international cooperation, to elaborate consensual global norms and to establish predictable, universally applicable rules, to the benefit of all.

For global governance is unavoidable in our globalising world. Today, whether you are in Chennai or in Charleston, it is simply not realistic to think only in terms of your own country. Global forces press in from every conceivable direction. People, goods and ideas cross borders and cover vast distances with ever greater frequency, speed and ease. We are increasingly connected: what happens in South America or Southern Africa — from democratic advances to deforestation

to the fight against AIDS — can affect your lives in South India. And your choices in India — what you buy, how you vote — can resound in Indiana. As someone once said about water pollution, we all live downstream.

I have spent 27 years with the UN, and I am devoted to it. I have given a full commitment to the UN through my life and work. But India is also fundamental to who I am, and I don't see a contradiction between them two. In fact, India and the UN are both about different people, having different languages, customs, colours, costumes, living together and dreaming the same dreams. Indian-ness and internationalism are entirely compatible.

Affinities between Indians span one set of identities and cross into another I am simultaneously Keralite (my state of origin), Malayali (my linguistic affiliation), Hindu (my religious faith), Nair (my caste), Calcuttan (by marriage), Stephanian (because of my education at Delhi's St. Stephen's College) and so on, and in my interactions with other Indians, each or several of these identities may play a part. Each, while affiliating me to a group with the same label, sets me apart from others; but even within each group, few would share the other identities I also claim, and so I find myself again in a minority within each minority.

And so the Indian identity that I believe in celebrates diversity: if America is a melting-pot, then to me India is a "thali", a selection of sumptuous dishes in different bowls. Each tastes different, and does not necessarily mix with the next, but they belong together on the same plate, and they complement each other in making the meal a satisfying repast.

Indians are comfortable with multiple identities and multiple loyalties, all coming together in allegiance to a larger idea of India, an India which safeguards the common space available to each identity, an India that remains safe for diversity.

By bridging the gap between Kerala and India as also the rest of the world, *Lokarashtrangal* will help readers traverse the vast distances and differences that exist around the globe, conscious of what unites us rather than what divides us.

**Shashi Tharoor**

DCBks-Loka-Vol 1

# ആമുഖം

ലോകരാഷ്ട്രങ്ങളിലൂടെയുള്ള ഒരു സ്വപ്നയാത്രയാണ് ഈ പുസ്തകം. യാത്രയുടെ മടുപ്പും ക്ഷീണവുമില്ലാതെ ഭൂമിയുടെ അനന്ത വൈവിധ്യങ്ങളിലേക്കും മനുഷ്യജീവിതത്തിന്റെ പ്രതിജനഭിന്നമായ വൈചിത്ര്യങ്ങളിലേക്കും സംസ്കാരത്തിന്റെ നാനാത്വത്തിലേക്കും രസകരമായ ഒരു മാനസികസഞ്ചാരം 'ലോകരാഷ്ട്രങ്ങൾ' വാഗ്ദാനം ചെയ്യുന്നു. ദേശാന്തരങ്ങളെയും ദേശാടനങ്ങളെയും സ്നേഹിക്കുന്നവർക്കും വിജ്ഞാനതത്പരരായ വിദ്യാർത്ഥികൾക്കും സ്വദേശത്തിലെന്നപോലെ പരദേശങ്ങളിലും കൗതുകമുള്ള വായനക്കാർക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവിധമാണ് ഈ വാല്യങ്ങളുടെ സംവിധാനം. ഒരേസമയം വിജ്ഞാനകോശവും ചരിത്രഗ്രന്ഥവും യാത്രാസഹായിയും കറന്റ് അഫയേഴ്സ് ഗൈഡുമാണ് 'ലോകരാഷ്ട്രങ്ങൾ.' എന്നാൽ ഇവയിലൊന്നും കിട്ടാത്ത സുപ്രധാന വിവരങ്ങൾ കൊണ്ട് വ്യത്യസ്തവും. സാമ്പ്രദായികവിജ്ഞാനകോശങ്ങളിലും ചരിത്രപുസ്തകങ്ങളിലും യാത്രാസഹായികളിലും ഒഴിവാക്കപ്പെടുന്ന അസംഖ്യം നിത്യജീവിതചിത്രങ്ങൾ 'ലോകരാഷ്ട്രങ്ങൾ' പിന്തുടരുന്നു. സംസ്കാരത്തിന്റെയും ജീവിതശൈലികളുടെയും വൈവിധ്യത്തിന് ഈ പുസ്തകത്തിൽ നല്കിയിരിക്കുന്ന പ്രാധാന്യം അതിന്റെ ഫലമാണ്. വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കു പൊതുവെ വന്നുപെടുന്ന യാഥാസ്ഥിതികത്വവും യാത്രാസഹായികളുടെയും പൊതുവിജ്ഞാനപുസ്തകങ്ങളുടെയും ഉപരിപ്ലവതയും യാത്രാവിവരണങ്ങളുടെ വ്യക്തികേന്ദ്രിതത്വവും ചരിത്ര-രാഷ്ട്രീയ ഗ്രന്ഥങ്ങളുടെ വിരസതയും മറികടക്കുന്ന രചനാസമ്പ്രദായമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. മനുഷ്യമുഖമുള്ള വൈജ്ഞാനികത എന്നു വിശേഷിപ്പിച്ചാലും തെറ്റില്ല.

ഐക്യരാഷ്ട്രസഭ നല്കുന്ന ക്രമം (Composition of Macro Geographical—Continental Regions, Geographical Subregions) അനുസരിച്ചാണ് ഭൂഖണ്ഡങ്ങളെയും രാജ്യങ്ങളെയും വിഭജിച്ച് വാല്യം തിരിച്ചിട്ടുള്ളത്. ഐക്യരാഷ്ട്രസഭയിൽ അംഗത്വമുള്ള രാജ്യങ്ങൾ, അംഗത്വമില്ലെങ്കിലും നിരീക്ഷണപദവിയുള്ള രാജ്യങ്ങൾ, ഭാഗികമായ അന്താരാഷ്ട്ര അംഗീകാരം മാത്രമുള്ള രാജ്യങ്ങൾ, ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിലുള്ള പ്രദേശങ്ങൾ, വൻശക്തി രാഷ്ട്രങ്ങളുടെ അധീനപ്രദേശങ്ങൾ, ഒരു രാജ്യത്തിന്റെ പ്രത്യേക ഭരണമേഖലകൾ എന്നിവയെയെല്ലാം 'ലോകരാഷ്ട്രങ്ങളി'ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൻകരകളും ദ്വീപസമൂഹങ്ങളും നിർജനദ്വീപുകളും ആർക്കും അവകാശമില്ലാത്ത ധ്രുവമേഖലകളുമെല്ലാം ഈ സഞ്ചാരത്തിന്റെ പരിധിയിൽ വരുന്നു. വിശദമായ ആമുഖലേഖനങ്ങളും ചാർട്ടുകളും പട്ടികകളും ഭൗമരാഷ്ട്രീയത്തെയും സമകാലിക ലോകാവസ്ഥയെയും കുറിച്ച് വിശദമായ ചിത്രം അവതരിപ്പിക്കുകയും ചെയ്യുന്നു. ഓരോ നാട്ടിലെയും ശ്രേഷ്ഠ വ്യക്തിത്വങ്ങളെപ്പറ്റിയും ഭക്ഷണ, കായിക, വിശ്വാസ സംസ്കാരങ്ങളെപ്പറ്റിയും ആഹാരാനുഷ്ഠാനങ്ങളെപ്പറ്റിയുമൊക്കെ 'ലോകരാഷ്ട്രങ്ങൾ' നഖചിത്രങ്ങൾ കോറിയിടുന്നുണ്ട്.

കവിയും പണ്ഡിതാഗ്രേസരനുമായിരുന്ന എൻ.വി. കൃഷ്ണവാരിയരുടെ മേൽനോട്ടത്തിലാണ് ഡി.സി. ബുക്സ് ആദ്യമായി 'ലോകരാഷ്ട്രങ്ങൾ' പ്രസിദ്ധീകരിച്ചത്. 1977-ൽ ആയിരുന്നു അത്. ഒറ്റയൊറ്റ പുസ്തകങ്ങളായി പുറത്തുവന്ന ആ ഗ്രന്ഥപരമ്പര മലയാളികൾക്ക് ഒരു ലോകവാതായനം തുറന്നുകൊടുത്തു. അന്നത്തേതിൽനിന്ന് ലോകം എത്രയോ മാറിയിരിക്കുന്നു. ആഗോളരാഷ്ട്രീയം കലങ്ങിമറിഞ്ഞു. ശീതയുദ്ധത്തിന്റെ ആ കാലയളവിലെ ശാക്തികച്ചേരികൾതന്നെ ചരിത്രപുസ്തകത്തിലേക്കു മറഞ്ഞു. സോവിയറ്റ് യൂണിയൻ എന്ന മഹാരാഷ്ട്രസ്വരൂപം വേർപിരിഞ്ഞു പലതായി. അവിടെ മാത്രമല്ല കിഴക്കൻ യൂറോപ്പിലും കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ കൊഴിഞ്ഞുവീണു. രാജ്യങ്ങൾ പിളർന്ന് പുതുതായി എത്രയോ രാജ്യങ്ങൾ പിറന്നുവീണു.

യൂഗോസ്ലാവിയ, ചെക്കസ്ലോവാക്യ എന്നിവ ഉദാഹരണം. യൂറോപ്യൻ രാജ്യങ്ങൾ മിക്കവയും ഇന്ന് യൂറോ എന്ന ഒറ്റ നാണയവുമായി യൂറോപ്യൻ യൂണിയന്റെ കൊടിക്കീഴിലാണ്. ആഫ്രിക്കയിലും മാറ്റങ്ങൾ വന്നു. ദക്ഷിണാഫ്രിക്ക വർണവിവേചനം വെടിഞ്ഞ് ലോകത്തിന്റെ മുഖ്യധാരയിൽ എത്തി. വെള്ളക്കാർ നൂറ്റാണ്ടുകളായി സ്വന്തമാക്കിവെച്ച അധികാരം ഇന്ന് കറുത്തവരുടെ കൈയിലാണവിടെ. മൂന്നു പതിറ്റാണ്ടോളം തടവറയിൽക്കിടന്ന നെൽസൺ മൺഡേല സ്വതന്ത്രനായി. നമീബിയ സ്വതന്ത്ര രാഷ്ട്രമായി. ഇനിയുമെത്രയോ മാറ്റങ്ങൾ.

ആഗോള ശാക്തിക രാഷ്ട്രീയത്തിന്റെ ബലപരീക്ഷണവേദിയായി ഏഷ്യ മാറുന്നതിനും കഴിഞ്ഞ വർഷങ്ങൾ സാക്ഷിയായി. ഇറാൻ-ഇറാഖ് യുദ്ധം, ഗൾഫ് യുദ്ധം, അഫ്ഗാൻ യുദ്ധം, ഇറാഖ് യുദ്ധം, സദ്ദാംഹുസൈന്റെ പതനവും വധവും — എത്രയെത്ര സംഗരങ്ങൾക്കാണ് ഏഷ്യ വേദിയായത്. ലാറ്റിനമേരിക്കയിലെ ഇടതുപക്ഷ ഭരണകൂടങ്ങളെ അട്ടിമറിക്കാൻ അമേരിക്കയും സി.ഐ.എ.യും നടത്തിയ അക്രമങ്ങളായിരുന്നു എൺപതുകളിലെ രാഷ്ട്രീയത്തിന്റെ ഒരു മുഖം. ശീതയുദ്ധം അവസാനിച്ചതോടെ ആ രാഷ്ട്രീയവും തിരോഭവിച്ചു.

മറ്റു പ്രശ്നങ്ങളാണ് ഇന്ന് ലോകത്തെ തുറിച്ചുനോക്കുന്നത്. അവയിൽ യുദ്ധവും മതതീവ്രവാദവും കണ്ണിൽച്ചോരയില്ലാത്ത കച്ചവടതാത്പര്യവും ലാഭക്കൊതിയും രോഗവും അതിർത്തിത്തർക്കവുമെല്ലാമുണ്ട്. മാറിയ ലോകമാണിത്. മാറ്റത്തിന്റെ അനുദിനം വലുതാകുന്ന തിരമാലകളിൽ ആടിയുലഞ്ഞു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ബൃഹത്തായ ഒരു കപ്പലാണ് ഈ ലോകം. ആ മാറ്റങ്ങളെ അവതരിപ്പിക്കുകയാണ് 'ലോകരാഷ്ട്രങ്ങൾ.'

എത്രയോ പുതിയ വാക്കുകൾ നിത്യജീവിതത്തിന്റെ നിഘണ്ടുവിലേക്കു പ്രവേശിച്ചു കഴിഞ്ഞു കഴിഞ്ഞ രണ്ടു ദശകംകൊണ്ട്. ആഗോളീകരണം, ഉദാരീകരണം, സ്വതന്ത്രകമ്പോളം, സ്വതന്ത്രവ്യാപാരമേഖല, ഇൻഫർമേഷൻ ടെക്നോളജി, ഇന്റർനെറ്റ്, ഇ-മെയിൽ, എസ്.എം.എസ്., ഓൺലൈൻ, ഇ-കൊമേഴ്സ്, എയ്ഡ്സ്, ആഗോളതാപനം തുടങ്ങിയ എത്രയോ വാക്കുകൾ, ആശയങ്ങൾ. കഴിഞ്ഞ കാലത്തിനിടയ്ക്ക് ഗതാഗതരംഗത്തും ആശയവിനിമയരംഗത്തുമുണ്ടായ മാറ്റങ്ങൾ ആഗോളസഞ്ചാരത്തെയും ടൂറിസത്തെയും വൻതോതിലുള്ള പരിവർത്തനത്തിനാണു വിധേയമാക്കിയത്. ബജറ്റ് എയർലൈനുകൾ കൂടിയായതോടെ ലോകയാത്ര ഇന്നൊരു വിദൂരസ്വപ്നമല്ല. ഇന്റർനെറ്റിന്റെ വരവാകട്ടെ അറിയാത്ത ലോകങ്ങളെ നമ്മുടെ വിരൽത്തുമ്പിൽ കൊണ്ടുവന്നു നിർത്തുന്നു.

നാമിപ്പോൾ മറ്റൊരു ലോകത്തിലെ പൗരനാണ്. മുൻതലമുറകൾ വിദൂരമായി കണ്ട നാടുകൾ നമുക്കിപ്പോൾ സമീപസ്ഥമാണ്. ദൂരം മരിച്ചിരിക്കുന്നു!

എങ്കിലും അകംകാഴ്ചകൾ, ആധികാരികമായ വിവരങ്ങൾ, ജനജീവിതവൈവിധ്യങ്ങൾ—അവയാണു പ്രധാനം. ആ സൂക്ഷ്മതലങ്ങളിലേക്കു പോകാനാണ് 'ലോകരാഷ്ട്രങ്ങൾ' ശ്രമിക്കുന്നത്. വൈജ്ഞാനിക സാഹിത്യരചനയിലെ സാമ്പ്രദായികരീതികൾ പലതും വെടിഞ്ഞ് ലോകരാജ്യങ്ങളെ സൂക്ഷ്മമായി പിന്തുടരാനാണ് ഇവിടത്തെ ശ്രമം. മുതിർന്നവരായ യാത്രികർക്കും വിജ്ഞാനദാഹികൾക്കും അധ്യാപകർക്കും മാത്രമല്ല സ്കൂൾ വിദ്യാർത്ഥികൾക്കുവരെ ഉപയുക്തമാകുന്ന രീതിയിലാണ് ഈ പുസ്തകത്തിന്റെ സംവിധാനം. മുഖം കടുപ്പിച്ചു ഗൗരവഭാവത്തിലിരിക്കുന്ന വിജ്ഞാനമല്ല, ചങ്ങാതിച്ചന്തമുള്ള വിജ്ഞാനമാണ് ലോകരാഷ്ട്രങ്ങൾ നൽകുന്നത്. വൃഥാസ്ഥൂലതയ്ക്കു പകരം അവശ്യം വേണ്ടവയുടെ സൂചീസൂക്ഷ്മത. വിരസമായ വിവരണം, യൂറോകേന്ദ്രിതമായ നിലപാടുകളുടെ അന്ധമായ ആവർത്തനം (ഇരുണ്ട ഭൂഖണ്ഡമെന്ന് നരജാതിയുടെ ഈറ്റില്ലമായ ആഫ്രിക്കയെ വിശേഷിപ്പിക്കുന്നതും, കൊളംബസ് അമേരിക്ക 'കണ്ടുപിടിച്ചു' എന്ന് ആവർത്തിക്കുന്നതും റെഡ് ഇന്ത്യൻ, നീഗ്രോ അപരിഷ്കൃതർ എന്നൊക്കെ വിവേചനപരമായി ജനവംശങ്ങളെ വിളിക്കുന്നതും ഉദാഹരണം), ജീവിത പ്രത്യേകവശങ്ങൾക്കു പ്രതിനിധാനമില്ലായ്മ (ഭക്ഷണസാധനങ്ങൾ, ജനകീയ ഉത്സവങ്ങൾ തുടങ്ങിയവ വിട്ടുകളയുക), ഏറ്റവും പുതിയ വിവരങ്ങളുടെ അഭാവം തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ മലയാളത്തിലെ മിക്ക വൈജ്ഞാനിക ഗ്രന്ഥങ്ങളിലും കാണാം. തത്ത്വചിന്ത എന്നാൽ പാശ്ചാത്യ തത്ത്വചിന്തയാണ് എന്ന മട്ടിലുള്ള യൂറോകേന്ദ്രിതചിന്ത എത്രയോ വിജ്ഞാനഗ്രന്ഥങ്ങൾ ആവർത്തിച്ചിട്ടുണ്ട്. രാഷ്ട്രങ്ങളുടെ ചരിത്രവും ഭൂപ്രകൃതിയും സമ്പദ്ഘടനയും മാത്രമല്ല 'ലോകരാഷ്ട്രങ്ങളി'ലുള്ളത്. ഭക്ഷണവും വിവാഹവും ആചാരങ്ങളും വ്യവസായങ്ങളും സുപ്രധാനമായ മറ്റു സൂക്ഷ്മവിവരങ്ങളും ഈ പുസ്തകം പിന്തുടരുന്നു.

മറ്റെല്ലാ സാഹിത്യജനുസ്സുകളുമെന്നപോലെ വൈജ്ഞാനിക സാഹിത്യവും മനുഷ്യജീവിതരംഗങ്ങളെയും പ്രകൃതിയെയും രാഷ്ട്രീയത്തെയും വിനിമയബന്ധങ്ങളെയും ആശ്രയിച്ചു മാത്രമാണു നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഒരു ജീവിതരംഗവും വൈജ്ഞാനികരംഗത്തിന് അന്യമല്ല. ഭരണവ്യവസ്ഥപോലെ ഭക്ഷണത്തിനും ചരിത്രംപോലെ ഉത്സവത്തിനും വാണിജ്യവ്യവസായങ്ങൾക്കുമൊക്കെ പ്രാധാന്യമുണ്ട്. ഈ നിലപാടാണ് 'ലോകരാഷ്ട്രങ്ങളി'ൽ സ്വീകരിച്ചിട്ടുള്ളത്. വിരസമായ തുടർവായന എന്ന ആശയത്തെ, വിവരങ്ങളുടെ ബൃഹദാഖ്യാനത്തെ പിളർക്കുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ആഖ്യാനരീതി. പകരം വിവരങ്ങളുടെ ലഘു ആഖ്യാനങ്ങളിലൂടെ വിജ്ഞാനാർജ്ജനം ആസ്വാദ്യമാക്കി മാറ്റുകയാണ് ഇതിന്റെ ലക്ഷ്യം. സവിശേഷമായ രൂപകല്പനാരീതി സ്വീകരിച്ചിരിക്കുന്നതിനു കാരണവുമിതാണ്. പുതിയ പഠനസമ്പ്രദായങ്ങൾക്കു സഹായകമാവുന്ന തരത്തിൽ കൂടിയാണ് 'ലോകരാഷ്ട്രങ്ങൾ' സംവിധാനം ചെയ്തിട്ടുള്ളത്.

ഏറ്റവും പുതിയ വിവരങ്ങൾ ഇന്റർനെറ്റിൽനിന്നോ വമ്പൻ ഗ്രന്ഥാലയങ്ങളിൽനിന്നോ നേടാൻ കഴിയാത്ത കേരളത്തിലെ ആയിരക്കണക്കിനു സാധാരണ വിദ്യാർത്ഥികളും അധ്യാപകരും 'ലോകരാഷ്ട്രങ്ങൾ' തയ്യാറാക്കുമ്പോൾ ഞങ്ങളുടെ മനസ്സിലുണ്ടായിരുന്നു. സ്കൂൾ പ്രൊജക്ട് തയ്യാറാക്കുന്ന കുട്ടികൾക്കുകൂടി പ്രയോജനകരമായ രീതിയിൽ രചനയും രൂപകല്പനയും നിർവഹിച്ചിരിക്കുന്നത് അതുകൊണ്ടാണ്. ഭൂപ്രകൃതി, സമ്പദ്ഘടന തുടങ്ങിയവയെക്കുറിച്ചുള്ള വിവരസൂചകങ്ങളും (ഡാറ്റാ ഇൻഡിക്കേറ്റേഴ്സ്) ഓരോ രാജ്യത്തിന്റെ തുടക്കത്തിലുള്ള ഒറ്റ നോട്ടത്തിലുള്ള അടിസ്ഥാന വിവരങ്ങളും അതിനു സഹായകമാവും. സവിശേഷവിവരങ്ങൾ പ്രത്യേകമായും നൽകിയിട്ടുണ്ട്. പ്രിപബ്ലിക്കേഷനിൽ ലോകരാഷ്ട്രങ്ങൾ ബുക്ക് ചെയ്തവർക്ക് സൗജന്യമായി ലഭിക്കുന്ന നാഷണൽ ജിയോഗ്രഫിക്കിന്റെ ഭൂപടങ്ങൾ (എട്ട് സിഡികളിലായി) അപൂർവമായൊരു സമ്മാനമാണ്. അവ ഭൗമവിജ്ഞാനത്തിന്റെ ഗഹനതയിലേക്കു കൊണ്ടുപോകും. സാധാരണ വിജ്ഞാനഗ്രന്ഥങ്ങൾ വിട്ടുകളയുന്ന എത്രയോ വിവരങ്ങൾ 'ലോകരാഷ്ട്രങ്ങളി'ൽ ചേർത്തിട്ടുണ്ട്. ആഗോളരാഷ്ട്രസംഘടനകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയെപ്പറ്റിയും ധ്രുവങ്ങളെയും നദികളെയും തടാകങ്ങളെയും പർവതങ്ങളെയും കുറിച്ചുമുള്ള വിവരങ്ങൾ, പ്രാചീനസംസ്കാരങ്ങളെക്കുറിച്ചുള്ള വിശദലേഖനങ്ങൾ തുടങ്ങിയവ ഉദാഹരണം.

ലോകരാഷ്ട്രങ്ങളുടെ മറ്റൊരു സവിശേഷത ഇന്ത്യൻ കുടിയേറ്റത്തിന്റെ വിവരണമാണ്. ഇന്ത്യക്കാർ മറുനാടുകളിൽ കുടിയേറിയതിന് ദീർഘമായ ചരിത്രമുണ്ട്. ഇന്ത്യൻവംശജരുടെ ശക്തമായ സമൂഹങ്ങളുള്ള രാജ്യങ്ങളിലെല്ലാം അത് പ്രത്യേകമായി (ഉദാഹരണം 'ബ്രിട്ടനിലെ ഇന്ത്യ', 'ഫിജിയിലെ ഇന്ത്യ') നൽകിയിട്ടുണ്ട്. ലോകസഞ്ചാരത്തിന്റെ സുദീർഘചരിത്രമുണ്ട് മലയാളിക്ക്. 'വർത്തമാനപ്പുസ്തക'മെഴുതിയ പാറേമ്മാക്കൽ തോമാക്കത്തനാരിൽ (പാറേമ്മാക്കൾ ഗവർണദോർ) നിന്നു തുടങ്ങുന്നു മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ ചരിത്രം. പ്രാചീന സന്ദേശകാവ്യങ്ങളും ഒരർത്ഥത്തിൽ സഞ്ചാരസാഹിത്യകൃതികൾതന്നെ. എസ്.കെ. പൊറ്റെക്കാട്ട് സഞ്ചാരസാഹിത്യത്തെ ഉന്നതപദവിയിൽ പ്രതിഷ്ഠിച്ചു. ദശകങ്ങൾക്കുമുമ്പ് അദ്ദേഹം വളരെ ക്ലേശിച്ച്, ഇന്നത്തെ നിലയിൽ 'പ്രാകൃത'മെന്നു പറയാവുന്ന ഗതാഗതമാർഗങ്ങളുപയോഗിച്ച് എത്തിച്ചേർന്നു വിവരിച്ച നാടുകൾ എത്രയോ മാറിപ്പോയിരിക്കുന്നു. എങ്കിലും പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങൾ ഇന്നും മധുരതരമാണ്. മലയാളികൾ എഴുതിയ യാത്രാവിവരണങ്ങളിൽനിന്നുള്ള ചെറുഭാഗങ്ങൾ, 'സഞ്ചാരരേഖ' എന്ന പേരിൽ 'ലോകരാഷ്ട്രങ്ങളി'ൽ നൽകാൻ കാരണം മലയാളിയുടെ ലോകയാത്രാഭിമുഖ്യമാണ്. മറുനാടൻ മലയാളി കേരളത്തിനു നൽകിയ സംഭാവനകൾ നാം ഇനിയും വേണ്ടത്ര രേഖപ്പെടുത്തിയിട്ടില്ല. മലയാളിയുടെ ഡിയസ്പൊറ (diaspora)യുടെ ചരിത്രം എഴുതപ്പെടേണ്ടതാണ്. മലയാളിയുടെ സഞ്ചാരങ്ങളുടെയും സഞ്ചാരസാഹിത്യത്തിന്റെയും ഒരു നാൾവഴിരേഖയാണ് 'ലോകരാഷ്ട്രങ്ങളി'ലെ സഞ്ചാരരേഖ.

വിവിധ വിവരസ്രോതസ്സുകൾ ആധാരമാക്കിയാണ് 'ലോകരാഷ്ട്രങ്ങൾ' തയ്യാറാക്കിയിട്ടുള്ളത്. 'സ്റ്റേറ്റ്സ്മാൻസ് ഇയർബുക്ക്', 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക', 'വേൾഡ് ബുക്ക്', 'ഓക്സ്ഫഡ് ഡിക്ഷ്ണറി ഓഫ് ദ വേൾഡ്', 'ഹച്ചിൻസൺ എൻസൈക്ലോപീ

ഡിയ', 'ഫിലിപ്സ് വേൾഡ് അറ്റ്ലസ്', 'ദി ഇക്കണോമിസ്റ്റ് വേൾഡ് ഇൻ ഫിഗേഴ്സ്' തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങൾക്കു പുറമേ ഇന്റർനെറ്റിലെ ആധികാരിക വിവര സ്രോതസ്സുകളായ ഐക്യരാഷ്ട്രസഭയുടെ വെബ്സൈറ്റ് (www.un.org), ഐക്യരാഷ്ട്ര സഭാ സെക്രട്ടേറിയറ്റിന്റെ ഇക്കണോമിക് ആൻഡ് സോഷ്യൽ അഫയേഴ്സിന്റെ സ്റ്റാറ്റി സ്റ്റിക്സ് വിഭാഗം, സിഐഎ ഫാക്ട് ബുക്ക്, അമേരിക്കൻ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിന്റെ വെബ്സൈറ്റ്, ഭാഷകളെക്കുറിച്ചുള്ള എത്നോലോഗ്, വിക്കിപീഡിയ തുടങ്ങിയവയെ 'ലോക രാഷ്ട്രങ്ങളു'ടെ ആധികാരികതയ്ക്കുവേണ്ടി ആശ്രയിച്ചിട്ടുണ്ട്. പുറമേ അതതു രാഷ്ട്രങ്ങ ളുടെ ഔദ്യോഗിക വെബ്സൈറ്റുകളിൽനിന്നും വിവരങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഇന്ത്യ യ്ക്കും കേരളത്തിനും ഇതു ബാധകമാണ്. രാഷ്ട്രീയം, ചരിത്രം, സംസ്കാരം, ഭക്ഷണം തുടങ്ങിയവയുടെ വിശദാംശങ്ങൾക്കായി ആധികാരികമായ ചരിത്രഗ്രന്ഥങ്ങളും സഹായ കമായിട്ടുണ്ട്. ജി.ഡി.പി., പ്രതിശീർഷവരുമാനം, വളർച്ചനിരക്ക്, കയറ്റുമതി, ഇറക്കുമതി, വിദേശകടം തുടങ്ങിയവയെക്കുറിച്ചുള്ള കണക്കുകളെല്ലാം അടങ്കൽക്കണക്കുകളാണ്. ഏറ്റവും പുതിയ, അതായത് ലോകരാഷ്ട്രങ്ങളുടെ വാല്യങ്ങൾ അന്തിമരൂപം പ്രാപിച്ച 2007 ഫെബ്രുവരി 28 വരെയുള്ള അടങ്കൽക്കണക്കുകൾ. മിക്ക രാജ്യങ്ങളുടെയും ഔദ്യോഗിക സെൻസസ് നടന്നത് വളരെ വർഷം മുമ്പായതിനാൽ ശാസ്ത്രീയമായി തയ്യാറാക്കിയ ഏറ്റവും പുതിയ അടങ്കൽക്കണക്കു സൂചിപ്പിക്കുന്നതാണ് അഭികാമ്യം. ജനസംഖ്യാക്കണക്കുകൾക്കും ഇതു ബാധകമാണ്.

വൈജ്ഞാനിക ഗ്രന്ഥനിർമ്മാണത്തിലെ വലിയ പ്രശ്നങ്ങളിലൊന്നാണ് ഉച്ചാരണം. ഇംഗ്ലിഷിലൂടെ മറ്റു സംസ്കാരങ്ങളെയും ഭാഷകളെയും കാണുന്നതുകൊണ്ടുള്ള അപകട ങ്ങൾ ഏറെയാണ്. എന്നാൽ അത് ഒഴിവാക്കാനുമാവില്ല. കഴിയുന്നത്ര മൂലഭാഷയോട് അടു പ്പമുള്ള ഉച്ചാരണമാണ് സ്ഥലനാമങ്ങൾക്കും വ്യക്തിനാമങ്ങൾക്കും 'ലോകരാഷ്ട്രങ്ങളി'ൽ നല്കിയിട്ടുള്ളത്. ചില സന്ദർഭങ്ങളിലെങ്കിലും വായനക്കാർക്ക് ഇത് അപരിചിതത്വം സൃഷ്ടി ച്ചെന്നു വരാം. മലയാളത്തിൽ പൊതുവേ എഴുതിക്കാണുന്നതിൽനിന്നു വ്യത്യസ്തമായ മറ്റൊരു ഉച്ചാരണം പ്രത്യക്ഷപ്പെടുമ്പോൾ അപരിചിതത്വം അനുഭവപ്പെടുന്നതു സ്വാഭാവി കമാണല്ലോ. ഇംഗ്ലീഷ് വാക്കുകളും സ്ഥല-വ്യക്തിനാമങ്ങളുമൊക്കെ തെറ്റായി ഉച്ചരിക്കു കയും എഴുതുകയും ചെയ്യുന്ന രീതിയാണ് നമ്മുടെ സ്കൂൾ പാഠപുസ്തകങ്ങൾപോലും വർഷങ്ങളായി തുടരുന്നത്. ഇന്ത്യയിലെ മറ്റു ഭാഷകളിലെ പദങ്ങൾ എഴുതുമ്പോൾപോലും തെറ്റുകൾ കടന്നുകൂടുന്നു. ഉച്ചാരണത്തിൽ അന്താരാഷ്ട്രമാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടു ള്ളത്. പരഭാഷാ പദങ്ങൾക്ക് കഴിയുന്നത്ര ബ്രാക്കറ്റിൽ ലാറ്റിൻ ലിപി നല്കിയിട്ടുണ്ട്. സ്ഥല നാമോച്ചാരണത്തിൽ കേംബ്രിജ് അഡ്വാൻസ്ഡ് ലേണേഴ്സ് ഡിക്ഷ്ണറിയുടെ സി.ഡി. പതിപ്പും ഓക്സ്ഫഡ് ഡിക്ഷ്ണറി ഓഫ് ദ വേൾഡുമാണ് പ്രധാന ആധാരങ്ങൾ.

ഒരു വലിയ സംഘത്തിന്റെ കഠിനപരിശ്രമമാണ് 'ലോകരാഷ്ട്രങ്ങൾ'ക്കു പിന്നിലുള്ളത്. തന്റെ ലോകയാത്രാനുഭവങ്ങളുടെകൂടി വെളിച്ചത്തിൽ ഓരോ വിവരവും കുറ്റമറ്റതാക്കാൻ സഹായിച്ച പത്രപ്രവർത്തകസുഹൃത്ത് ശ്രീ പി.എസ്. ജയനോടുള്ള നന്ദി നിസ്സീമമാണ്. 'ലോകരാഷ്ട്രങ്ങളു'മായി ബന്ധപ്പെട്ട എല്ലാ എഡിറ്റോറിയൽ പ്രവർത്തനങ്ങളിലും സഹ കരിക്കുകയും ക്ഷമാപൂർവം കാത്തുനില്ക്കുകയും ചെയ്ത രവി ഡി സി, ഡി. ശ്രീകുമാർ, ബി. സുജിൽകുമാർ, ആശാ തോമസ്, ആർ. രാമദാസ്, എ.വി. ശ്രീകുമാർ, എൻ. രാജേഷ്, ദിവ്യ പി.സി., അരുൺകുമാർ എൻ.എസ്., എൻ. അജയൻ (www.artistajayan.com), ജെയിംസ് സെബാസ്റ്റ്യൻ, പ്രിന്റിങ് സ്കൂൾ അദ്ധ്യാപക-വിദ്യാർത്ഥികൾ എന്നിവർക്കു നന്ദി. ഡി സി ബുക്സിലെ എഡിറ്റോറിയൽ വിഭാഗത്തിലെ എ. വിജയലക്ഷ്മിയുടെ അർപ്പണ ബുദ്ധിയും സൗമ്യതയുമാണ് ഈ ബൃഹദ്പദ്ധതിയെ വിജയകരമാക്കിയ മറ്റൊരു പ്രധാന ഘടകം. വിജയലക്ഷ്മിക്കു നന്ദി.

23.4.2007

**ഡോ. രാധിക സി. നായർ**








വാല്യം - 1

## ഏഷ്യ - Asia


| | | |
|---|---|---|
| അഫ്ഗാനിസ്ഥാൻ | Afghanistan | 86 |
| അസർബയ്ജാൻ | Azerbaijan | 97 |
| ആർമീനിയ | Armenia | 107 |
| ഇൻഡൊനീഷ്യ | Indonesia | 115 |
| ഇന്ത്യ | India | 129 |
| ഇസ്രായേൽ | Israel | 225 |
| ഇറാക്ക് | Iraq | 239 |
| ഇറാൻ | Iran | 253 |
| ഉത്തര കൊറിയ | North Korea | 263 |
| ഉസ്ബെക്കിസ്ഥാൻ | Uzbekistan | 270 |
| ഒമാൻ | Oman | 278 |
| കസാഖ്സ്ഥാൻ | Kazakhstan | 285 |
| കിഴക്കൻ ടിമോർ | East Timor | 294 |
| കിർഗിസ്ഥാൻ | Kyrgyzstan | 299 |
| കുവൈറ്റ് | Kuwait | 305 |
| കംബോഡിയ | Cambodia | 313 |
| ഖത്തർ | Qatar | 323 |
| ചൈന | China | 327 |
| ഹോങ് കോങ് | Hong Kong | |
| മക്കാവു | Macao | |
| ജപ്പാൻ | Japan | 347 |
| ജോർജിയ | Georgia | 363 |
| ജോർദാൻ | Jordan | 373 |
| തയ്വാൻ | Taiwan | 379 |








| | | |
|---|---|---|
| താജിക്കിസ്ഥാൻ | Tajikistan | 384 |
| തായ്‌ലാൻഡ് | Thailand | 389 |
| തുർക്കി | Turkey | 397 |
| തുർക്ക്മെനിസ്ഥാൻ | Turkmenistan | 411 |
| ദക്ഷിണ കൊറിയ | South Korea | 418 |
| നേപ്പാൾ | Nepal | 426 |
| പലസ്തീൻ | Palestine | 433 |
| പാക്കിസ്ഥാൻ | Pakistan | 440 |
| ഫിലിപ്പീൻസ് | Philippines | 450 |
| ബംഗ്ലാദേശ് | Bangladesh | 461 |
| ബഹ്റൈൻ | Bahrain | 470 |
| ബ്രൂണൈ | Brunei | 477 |
| ഭൂട്ടാൻ | Bhutan | 482 |
| മംഗോളിയ | Mangolia | 487 |
| മലേഷ്യ | Malaysia | 494 |
| മാലദ്വീപുകൾ | Maldives | 505 |
| മ്യാൻമർ | Myanmar | 510 |
| യു.എ.ഇ. | United Arab Emirates | 519 |
| യെമെൻ | Yemen | 530 |
| ലാവോസ് | Laos | 537 |
| ലെബനൻ | Lebanon | 544 |
| വിയറ്റ്നാം | Vietnam | 550 |
| ശ്രീലങ്ക | Srilanka | 561 |
| സിംഗപ്പൂർ | Singapore | 573 |
| സിറിയ | Syria | 583 |
| സൗദി അറേബ്യ | Saudi Arabia | 591 |


## ഒഷ്യാനിയ - Oceania


| | | |
|---|---|---|
| ഓസ്ട്രേലിയ | Australia | 607 |
| കിരിബാസ് | Kiribati | 616 |
| ടോങ്ഗ | Tonga | 619 |









| | | |
|---|---|---|
| തുവാലു | Tuvalu | 622 |
| നൗറു | Nauru | 625 |
| ന്യൂസീലൻഡ് | New Zealand | 628 |
| പലാവു | Palau | 634 |
| പാപ്പുവ ന്യൂഗിനി | Papua New Guinea | 637 |
| ഫിജി | Fiji | 644 |
| മാർഷൽ ദ്വീപുകൾ | Marshall Islands | 648 |
| മൈക്രൊനീഷ്യ | Micronesia | 651 |
| വനുവാതു | Vanuatu | 654 |
| സമോവ | Samoa | 658 |
| സോളമൻ ദ്വീപുകൾ | Solomon Islands | 661 |


## പസിഫിക് ദ്വീപുകൾ
(ഒഷ്യാനിയയിലെ അധീനപ്രദേശങ്ങൾ) **Dependent Territories**


| | | |
|---|---|---|
| ക്രിസ്മസ് ദ്വീപ് | Christmas Islands | 665 |
| കൊക്കോസ് (കീലിങ്) ദ്വീപുകൾ | Cocos (Kealing) Islands | 665 |
| നോർഫോക്ക് ദ്വീപുകൾ | Norfolk Island | 666 |
| ഗ്വാം | Guam | 666 |
| വടക്കൻ മറിയാനാ ദ്വീപുകൾ | Northern Mariana Islands | 666 |
| അമേരിക്കൻ സമോവ | American Samoa | 666 |
| ന്യൂ കാലിഡോണിയ | New Caledonia | 667 |
| ഫ്രെഞ്ച് പോളിനീഷ്യ | French Polynesia | 667 |
| വാലിസ് & ഫെറ്റുണ ദ്വീപുകൾ | Wallis and Futuna Islands | 667 |
| കുക്ക് ദ്വീപുകൾ | Cook Islands | 667 |
| നിയു | Niue | 667 |
| തൊക്കെലാവു | Tokelau | 668 |
| പിറ്റ്കെയ്ൻ ദ്വീപുകൾ | Pitcairn Islands | 668 |

* ഓരോ രാജ്യത്തിന്റെയും ഐ എസ് ഡി കോഡ്/ഇന്റർനാഷണൽ കോളിങ് കോഡി നൊപ്പം ചേർത്തിട്ടുള്ള അധിക (+) ചിഹ്നത്തിനർത്ഥം 00 ചേർത്ത് ഡയൽ ചെയ്യണമെ ന്നാണ്. ഇന്റർനാഷണൽ ടെലികമ്യൂണിക്കേഷൻ യൂണിയൻ-ടെലികമ്യൂണിക്കേഷൻ സ്റ്റാൻഡേഡൈസേഷൻ സെക്ടറി(ITU-T)ന്റെ E. 164 എന്ന നിർദ്ദേശമനുസരിച്ചുള്ളവ യാണ് ഓരോ കോളിങ് കോഡും.
* ഓരോ രാജ്യത്തിന്റെയും സമയവ്യത്യാസത്തിനൊപ്പം ചേർത്തിട്ടുള്ള അധിക (+), ന്യൂന (–) ചിഹ്നങ്ങൾക്കർത്ഥം കോ ഓർഡിനേറ്റഡ് യൂണിവേഴ്സൽ ടൈമി (UTC)ൽനിന്ന് എത്ര മണിക്കൂർ കൂടിയും (+) കുറഞ്ഞും (–) ഇരിക്കുന്നു എന്നാണ്. ഗ്രീനിച്ച് മീൻ ടൈം (Greenwich Mean Time) എന്നാണ് വിവിധ സമയമേഖലകളെ സൂചിപ്പിക്കു മ്പോൾ സാധാരണ പറയാറുള്ളത്. യു.ടി.സി.യും ജി.എം.ടി.യും ഏകദേശം സമാനംതന്നെയാണ്. അത്യന്തസൂക്ഷ്മമായ അറ്റോമിക സമയമാനക (high precision atomic time standard)മാണ് കോ ഓർഡിനേറ്റഡ് യൂണിവേഴ്സൽ ടൈം അഥവാ യു. ടി.സി. ഇതിൽനിന്നുള്ള പോസിറ്റീവ്, നെഗറ്റീവ് അക്കങ്ങളായാണ് ലോകത്തെ സമയ മേഖലകൾ സൂചിപ്പിക്കുന്നത്.
* ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള കണക്കുകൾ അടങ്കൽ കണക്കുകളാണ്. ഔദ്യോ ഗിക സെൻസസ് കണക്കുകളാണെങ്കിൽ അത് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.
* ഗ്രന്ഥത്തിൽ ഉടനീളം ചേർത്തിട്ടുള്ള ചുരുക്കെഴുത്തുകളുടെ പൂർണരൂപം:
  GDP : Gross Domestic Production
  ppp: purchasing power parity

# ഒരു ലോകം പല രാജ്യം

സവിശേഷസ്വഭാവമുള്ള ഭൂപ്രദേശമാണ് ഒരു രാജ്യം (Country). സ്വതന്ത്രമായ ഭരണകൂടമുള്ള പ്രദേശ മെന്നും ഒരാൾ ജനിച്ച, പൗരത്വമുള്ള, താമസിക്കുന്ന ഇട മെന്നും മനുഷ്യാവാസംകൊണ്ടു നിർവചിക്കാവുന്ന പ്രദേ ശമെന്നുമൊക്കെ രാജ്യത്തെ നിർവചിക്കാം. രാജ്യം പോലെതന്നെ 'നേഷൻ', 'സ്റ്റേറ്റ്' എന്നീ സംജ്ഞകളുമുണ്ട്. രാഷ്ട്രം (Nation) ഒരു സാംസ്കാരികസത്തയും സ്റ്റേറ്റ് (State) രാഷ്ട്രീയസത്തയുമാണ്. എന്നാൽ സാമാന്യമായി മൂന്നു സംജ്ഞകളും ഒരേ അർത്ഥത്തിലാണ് പ്രയോഗിക്കപ്പെടു ന്നത്. ഒരു രാജ്യത്തിന് സ്വന്തം സർക്കാരും ഭരണഘടനയും ഭരണസമ്പ്രദായവും നിയമവും നീതിനിർവഹണ സമ്പ്രദാ യവും നികുതിനിയമങ്ങളും സൈന്യവും ഉണ്ടായിരിക്കും. അവിടത്തെ ജനങ്ങൾ മറ്റൊരു രാജ്യത്തെ ജനങ്ങൾക്ക് അന്യരാജ്യജനതയാണ്. പൊതുവായ സ്വത്വമുള്ള ഒരു ജന ഗണത്തിന്റെ രൂപത്തിലാണ് രാജ്യത്തെ രാഷ്ട്രമായി മന സ്സിലാക്കാനാവുക. വിശാലമായ അർത്ഥങ്ങൾ രാഷ്ട്രം എന്ന പരികല്പനയ്ക്കുണ്ട്. വംശം, ഭാഷ, മതം, സംസ്കാരം തുടങ്ങിയ ഘടകങ്ങൾ പൊതുവായി പങ്കുവയ്ക്കുന്ന ജന സമൂഹമാണ് രാഷ്ട്രത്തിലുള്ളത്. ഭൂമിശാസ്ത്രപരമെന്നതി നെക്കാൾ ചരിത്രപരവും സാംസ്കാരികവുമായ ഘടകങ്ങ ളാണ് രാഷ്ട്രസങ്കല്പം രൂപപ്പെടുത്തുന്നത്. സ്റ്റേറ്റ് എന്ന സംജ്ഞ ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം, ഭരണം, പരമാധി കാരം എന്നിവയെക്കൂടി ഉൾക്കൊള്ളുന്നു. ഇത്തരം രാഷ്ട്ര ങ്ങളുടെ സംയുക്തമാണ് നമ്മുടെ ലോകം. ഭൂമിയിലെ ധ്രുവ പ്രദേശങ്ങൾ ഒഴികെയുള്ള കരഭാഗമത്രയും ഈ രാജ്യങ്ങൾ ക്കായി വിഭജിക്കപ്പെട്ടിരിക്കുന്നു.

സ്വതന്ത്ര, പരമാധികാര രാഷ്ട്രങ്ങൾ മാത്രം ചേർന്ന തല്ല ലോകത്തിന്റെ രാഷ്ട്രീയ ഭൂപടം. അത്തരം രാജ്യ ങ്ങളുടെ അധീനപ്രദേശങ്ങളും അധീനതയിലുള്ള സ്വയം ഭരണ പ്രദേശങ്ങളും അന്താരാഷ്ട്രീയമായ അംഗീകാര മില്ലാത്ത രാജ്യങ്ങളും ഏതാനും രാജ്യങ്ങളുടെമാത്രം അംഗീകാരമുള്ള രാജ്യങ്ങളും അംഗീകാരവും മറ്റു രാജ്യ ങ്ങളുമായുള്ള നയതന്ത്രബന്ധവും ഇല്ലെങ്കിലും ഒരു രാജ്യ ത്തിൽനിന്നു വിഘടിച്ച് ഫലത്തിൽ സ്വതന്ത്രമായി പ്രവർ ത്തിക്കുന്ന അനംഗീകൃതരാജ്യങ്ങളും പ്രത്യേക ഭരണ മേഖലകളും തർക്കപ്രദേശങ്ങളുമെല്ലാം ചേർന്നാലേ ആ ഭൂപടം പൂർണമാകുന്നുള്ളൂ. സ്വതന്ത്ര രാഷ്ട്രങ്ങളുടെ സംഘടനയായ ഐക്യരാഷ്ട്രസഭയിൽ അംഗത്വമുള്ളത് 192 രാജ്യങ്ങൾക്കാണ്. ഒരു രാഷ്ട്രത്തിന്റെ നിലനില്പിനെ സംബന്ധിച്ച് സുപ്രധാനമാണ് ഐക്യരാഷ്ട്രസഭയുടെ അംഗീകാരവും അംഗത്വവും.

## സപ്ത ഭൂഖണ്ഡങ്ങൾ

ലോകത്ത് എത്ര ഭൂഖണ്ഡങ്ങൾ (Continents) ഉണ്ട് എന്നതിനെപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടെങ്കിലും ഏഴ് ഭൂഖണ്ഡങ്ങൾ എന്ന വിഭജനത്തിനാണ് പൊതുവായ അംഗീകാരം. വലിപ്പമനുസരിച്ച് ഏഷ്യ (Asia), ആഫ്രിക്ക (Africa), വടക്കേ അമേരിക്ക (North America), തെക്കേ അമേരിക്ക (South America), അന്റാർട്ടിക്ക (Antarctica), യൂറോപ്പ് (Europe), ഓസ്ട്രേലിയ (Australia) എന്നിവയാണവ. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, ഹച്ചിൻസൺ എൻസൈക്ലോപീഡിയ, ഓക്സ്ഫഡ് ഡിക്ഷ്ണറി ഓഫ് ദ വേൾഡ് തുടങ്ങിയ മിക്ക ആധികാരിക സ്രോതസ്സുകളും ഈ വിഭജനമാണ് അംഗീകരിച്ചിട്ടുള്ളത്. ചുറ്റുമുള്ള ദ്വീപുകളും ഈ സപ്ത ഭൂഖണ്ഡങ്ങളുടെ ഭാഗമാണ്. യൂറോപ്പും ഏഷ്യയും ചേർന്നുകിടക്കുന്നതുകൊണ്ട് അവയെ യൂറേഷ്യ (Eurasia) എന്ന ഒറ്റ ഭൂഖണ്ഡമായി ചിലർ പരിഗണിക്കാറുണ്ട്. തെക്കും വടക്കും അമേരിക്കകളെയും ഒറ്റ ഭൂഖണ്ഡമായി പരിഗണിക്കുന്നു. അന്റാർട്ടിക്കയിൽ മനുഷ്യവാസമില്ലാത്തതിനാൽ ഭൂഖണ്ഡപരിഗണനയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യാറുണ്ട്. ഈ വിഭജനമല്ല, ഏഴു ഭൂഖണ്ഡങ്ങൾ എന്ന വിഭജനമാണ് 'ലോകരാഷ്ട്രങ്ങൾ' പിന്തുടരുന്നത്. ഇംഗ്ലീഷ് ഭാഷയ്ക്ക് വിദ്യാഭ്യാസത്തിൽ പ്രാധാന്യമുള്ള മിക്ക രാജ്യങ്ങളിലും ഇംഗ്ലീഷ് മാതൃഭാഷയായുള്ള രാജ്യങ്ങളിലും പടിഞ്ഞാറൻ യൂറോപ്പിലും ചൈനയിലും ഏഴു ഭൂഖണ്ഡം എന്ന സങ്കല്പമാണ് പഠിപ്പിക്കുന്നത്. ഓസ്ട്രേലിയ ഭൂഖണ്ഡത്തിനു പകരം ചില രാജ്യങ്ങൾ ഒഷ്യാനിയ എന്ന വാക്കുപയോഗിക്കുന്നു.

'കോണ്ടിനെന്റ്' എന്ന ഗ്രീക്കോ-റോമൻ വാക്കിനർത്ഥം വൻകര (Mainland) എന്നാണ്. വൻകരമാത്രമല്ല ചുറ്റുമുള്ള ദ്വീപുകളും അതിന്റെ പരിധിയിൽപ്പെടും. എല്ലാം ചേരുമ്പോൾ ലോകം ഏഴു ഭൂഖണ്ഡങ്ങളുടെ സംയുക്തമായിത്തീരുന്നു.

ഭൂഖണ്ഡങ്ങളും അവയിലെ രാജ്യങ്ങളും ചേർന്ന ലോകത്തെ ഐക്യരാഷ്ട്രസഭ ഭൂമിശാസ്ത്ര(ഭൂഖണ്ഡ) മേഖലകളായും ഉപമേഖലകളായും വിഭജിച്ചിട്ടുണ്ട്. യു.എന്നിന്റെ വെബ്സൈറ്റിൽ http://millenniumindicators.un.org എന്ന മേൽവിലാസത്തിൽ ഈ പട്ടിക ലഭ്യമാണ്. ആ മേഖലാവിഭജനം ഇങ്ങനെയാണ്:

## ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള ഭൂമിശാസ്ത്ര (ഭൂഖണ്ഡ) മേഖലകളും ഭൂമിശാസ്ത്ര ഉപമേഖലകളും

(Geographical (Continental) regions, Geographical sub-regions)
http://millenniumindicators.un.org/unsd/methods/m49/m49regin.htm

| | |
|---|---|
| **ആഫ്രിക്ക** | **Africa** |
| പൂർവാഫ്രിക്ക | Eastern Africa |
| മധ്യാഫ്രിക്ക | Middle Africa |
| ഉത്തരാഫ്രിക്ക | Northern Africa |
| ദക്ഷിണാഫ്രിക്ക | Southern Africa |
| പശ്ചിമാഫ്രിക്ക | Western Africa |
| **അമേരിക്കകൾ** | **Americas** |
| ലാറ്റിൻ അമേരിക്കയും കരീബിയനും | Latin America and the Caribbean |
| കരീബിയൻ | Caribbean |
| മധ്യഅമേരിക്ക | Central America |
| തെക്കേ അമേരിക്ക | South America |
| വടക്കേ അമേരിക്ക | Northern America |
| **ഏഷ്യ** | **Asia** |
| മധ്യേഷ്യ | Central Asia |
| പൂർവേഷ്യ | Eastern Asia |
| ദക്ഷിണേഷ്യ | Southern Asia |
| ദക്ഷിണപൂർവേഷ്യ | South-Eastern Asia |
| പശ്ചിമേഷ്യ | Western Asia |
| **യൂറോപ്പ്** | **Europe** |
| പൂർവ യൂറോപ്പ് | Eastern Europe |
| ഉത്തര യൂറോപ്പ് | Northern Europe |
| ദക്ഷിണ യൂറോപ്പ് | Southern Europe |
| പശ്ചിമ യൂറോപ്പ് | Western Europe |
| **ഒഷ്യാനിയ** | **Oceania** |
| ഓസ്ട്രേലിയ & ന്യൂസീലൻഡ് | Australia & New Zealand |
| മെലനീഷ്യ | Melanesia |
| മൈക്രൊനീഷ്യ | Micronesia |
| പോളിനീഷ്യ | Polynesia |

ഈ ഭൂഖണ്ഡമേഖലകളിലും ഉപമേഖലകളിലുമുള്ള സ്വതന്ത്രരാജ്യങ്ങളെയും അധീനപ്രദേശങ്ങളെയും ഐക്യരാഷ്ട്രസഭ രേഖപ്പെടുത്തിയിട്ടുണ്ട്. ആ പട്ടിക ഇപ്രകാരമാണ്:



## ഐക്യരാഷ്ട്രസഭയുടെ വിഭജനമനുസരിച്ച് ഓരോ മേഖലയിലെയും രാജ്യങ്ങൾ

| | |
|---|---|
| **ആഫ്രിക്ക** | **Africa** |
| **പൂർവാഫ്രിക്ക** | **Eastern Africa** |
| ബുറൺഡി | Burundi |
| കൊമറൂസ് | Comoros |
| ജിബൂട്ടി | Djibouti |
| എറിത്രിയ | Eritrea |
| ഇത്യോപ്പിയ | Ethiopia |
| കെനിയ | Kenya |
| മഡഗാസ്കർ | Madagascar |
| മലാവി | Malawi |
| മൗറിഷ്യസ് | Mauritius |
| മയോട്ട് | Mayotte |
| മൊസാംബിക്ക് | Mozambique |
| റീയൂണിയൻ | Reunion |
| റുവാൺഡ | Rwanda |
| സെയ്ഷെൽസ് | Seychelles |
| സോമാലിയ | Somalia |
| യുഗാൺഡ | Uganda |
| ടാൻസാനിയ | United Republic of Tanzania |
| സാംബിയ | Zambia |
| സിംബാബ്‌വേ | Zimbabwe |
| **മധ്യാഫ്രിക്ക** | **Middle Africa** |
| അംഗോള | Angola |
| കാമറൂൺ | Cameroon |
| മധ്യാഫ്രിക്കൻ റിപ്പബ്ലിക്ക് | Central African Republic |
| ചാഡ് | Chad |
| കോംഗോ റിപ്പബ്ലിക്ക് | Congo Republic |
| കോംഗോ ജനാധിപത്യ റിപ്പബ്ലിക്ക് | Democratic Republic of the Congo |
| ഇക്വറ്റോറിയൽ ഗിനി | Equatorial Guinea |
| ഗാബോൺ | Gabon |
| സാവോ ടോം & പ്രിൻസിപ്പി | Sao Tome and Principe |
| **ഉത്തരാഫ്രിക്ക** | **Northern Africa** |
| അൽജീരിയ | Algeria |
| ഈജിപ്ത് | Egypt |
| ലിബിയ | Libyan Arab Jamahiriya |
| മൊറോക്കോ | Morocco |
| സുഡാൻ | Sudan |
| ടുണീഷ്യ | Tunisia |
| പശ്ചിമ സഹാറ | Western Sahara |
| **ദക്ഷിണാഫ്രിക്ക** | **Southern Africa** |
| ബോട്സ്വാന | Botswana |
| ലെസൂത്തു | Lesotho |
| നമീബിയ | Namibia |
| ദക്ഷിണാഫ്രിക്ക | South Africa |
| സ്വാസിലൻഡ് | Swaziland |
| **പശ്ചിമാഫ്രിക്ക** | **Western Africa** |
| ബെനിൻ | Benin |
| ബർക്കിന ഫാസോ | Burkina Faso |
| കേപ് വെർദ് | Cape Verde |
| ഐവറി കോസ്റ്റ് | Cote d'Ivoire |
| ഗാംബിയ | Gambia |
| ഘാന | Ghana |
| ഗിനി | Guinea |
| ഗിനി ബിസാവു | Guinea-Bissau |
| ലൈബീരിയ | Liberia |
| മലി | Mali |
| മൗറിറ്റാനിയ | Mauritania |
| നൈജർ | Niger |
| നൈജീരിയ | Nigeria |
| സെയ്ന്റ് ഹെലീന | Saint Helena |
| സെനഗാൾ | Senegal |
| സിയറാ ലിയോൺ | Sierra Leone |
| ടോഗോ | Togo |
| **അമേരിക്കകൾ** | **Americas** |
| **ലാറ്റിൻ അമേരിക്കയും കരീബിയനും** | **Latin America and the Caribbean** |
| കരീബിയൻ | Caribbean |
| ആങ്ഗ്വില | Anguilla |
| ആന്റിഗ്വ & ബാർബുഡ | Antigua and Barbuda |
| അറൂബ | Aruba |
| ബഹാമാസ് | Bahamas |
| ബാർബഡോസ് | Barbados |
| ബ്രിട്ടീഷ് വെർജിൻ ദ്വീപുകൾ | British Virgin Islands |

| | |
|---|---|
| കെയ്മൻ ദ്വീപുകൾ | Cayman Islands |
| ക്യൂബ | Cuba |
| ഡൊമിനിക്ക | Dominica |
| ഡൊമിനിക്കൻ റിപ്പബ്ലിക്ക് | Dominican Republic |
| ഗ്രനഡ | Grenada |
| ഗ്വാദലൂപ് | Guadeloupe |
| ഹെയ്തി | Haiti |
| ജമൈക്ക | Jamaica |
| മാർട്ടിനീക് | Martinique |
| മോണ്ട്സെറാറ്റ് | Montserrat |
| നെദർലൻഡ്സ് ആന്റിലീസ് | Netherlands Antilles |
| പോർട്ടോ റീക്കോ | Puerto Rico |
| സെയ്ന്റ് കിറ്റ്സ് & നീവിസ് | Saint Kitts and Nevis |
| സെയ്ന്റ് ലൂസിയ | Saint Lucia |
| സെയ്ന്റ് വിൻസെന്റ് &ഗ്രനഡീൻ | Saint Vincent and the Grenadines |
| ട്രിനിഡാഡ് &ടൊബാഗോ | Trinidad and Tobago |
| ടർക്ക്സ് & കയ്ക്കോസ് ദ്വീപുകൾ | Turks and Caicos Islands |
| യു.എസ്. വെർജിൻ ദ്വീപുകൾ | United States Virgin Islands |

## മധ്യഅമേരിക്ക — Central America

| | |
|---|---|
| ബെലീസ് | Belize |
| കോസ്റ്റ റീക്ക | Costa Rica |
| എൽ സാൽവഡോർ | El Salvador |
| ഗ്വാട്ടിമാല | Guatemala |
| ഹോൺഡൂറസ് | Honduras |
| മെക്സിക്കോ | Mexico |
| നിക്കരാഗ്വ | Nicaragua |
| പാനമ | Panama |

## തെക്കേ അമേരിക്ക — South America

| | |
|---|---|
| ആർജന്റീന | Argentina |
| ബൊളിവിയ | Bolivia |
| ബ്രസിൽ | Brazil |
| ചിലി | Chile |
| കൊളംബിയ | Colombia |
| എക്വഡോർ | Ecuador |
| ഫാക്‌ലൻഡ് ദ്വീപുകൾ | Falkland Islands (Malvinas) |
| ഫ്രഞ്ച് ഗയാന | French Guiana |
| ഗയാന | Guyana |
| പാരഗ്വായ് | Paraguay |
| പെറു | Peru |
| സുരിനാം | Suriname |
| യുറഗ്വായ് | Uruguay |
| വെനസ്വേല | Venezuela (Bolivarian Republic of) |

## വടക്കേ അമേരിക്ക — Northern America

| | |
|---|---|
| ബെർമുഡ | Bermuda |
| കാനഡ | Canada |
| ഗ്രീൻലൻഡ് | Greenland |
| സെയ്ന്റ് പിയർ & മിക്കലോ | Saint Pierre and Miquelon |
| അമേരിക്കൻ ഐക്യനാടുകൾ | United States of America |

# ഏഷ്യ — Asia

## മധ്യേഷ്യ — Central Asia

| | |
|---|---|
| കസാഖ്സ്ഥാൻ | Kazakhstan |
| കിർഗിസ്ഥാൻ | Kyrgyzstan |
| താജിക്കിസ്ഥാൻ | Tajikistan |
| തുർക്മെനിസ്ഥാൻ | Turkmenistan |
| ഉസ്ബെക്കിസ്ഥാൻ | Uzbekistan |

## പൂർവേഷ്യ — Eastern Asia

| | |
|---|---|
| ചൈന | China |
| ഹോങ്കോങ് | Hong Kong Special Administrative Region of China |
| മക്കാവു | Macao Special Administrative Region of China |
| ഉത്തര കൊറിയ | Democratic People's Republic of Korea |
| ജപ്പാൻ | Japan |
| മംഗോളിയ | Mongolia |
| ദക്ഷിണ കൊറിയ | Republic of Korea |
| ദക്ഷിണേഷ്യ | Southern Asia |
| അഫ്ഗാനിസ്ഥാൻ | Afghanistan |
| ബംഗ്ലാദേശ് | Bangladesh |
| ഭൂട്ടാൻ | Bhutan |
| ഇന്ത്യ | India |
| ഇറാൻ | Iran, Islamic Republic of |
| മാലദ്വീപുകൾ | Maldives |
| നേപ്പാൾ | Nepal |
| പാകിസ്ഥാൻ | Pakistan |
| ശ്രീലങ്ക | Sri Lanka |

## ദക്ഷിണപൂർവേഷ്യ — South - Eastern Asia

| | |
|---|---|
| ബ്രൂണൈ | Brunei Darussalam |
| കംബോഡിയ | Cambodia |
| ഇൻഡൊനീഷ്യ | Indonesia |
| ലാവോസ് | Lao People's Democratic Republic |
| മലേഷ്യ | Malaysia |
| മ്യാൻമർ | Myanmar |
| ഫിലിപ്പീൻസ് | Philippines |
| സിങ്കപ്പൂർ | Singapore |
| തായ്‌ലാൻഡ് | Thailand |
| കിഴക്കൻ ടിമോർ | Timor-Leste |
| വിയറ്റ്നാം | Viet Nam |

## പശ്ചിമേഷ്യ — Western Asia

| | |
|---|---|
| ആർമീനിയ | Armenia |
| അസർബയ്ജാൻ | Azerbaijan |
| ബഹ്റൈൻ | Bahrain |
| സൈപ്രസ് | Cyprus |
| ജോർജിയ | Georgia |
| ഇറാഖ് | Iraq |
| ഇസ്രായേൽ | Israel |
| ജോർദാൻ | Jordan |
| കുവൈത്ത് | Kuwait |
| ലെബനൻ | Lebanon |
| പലസ്തീൻ | Occupied Palestinian Territory |
| ഒമാൻ | Oman |
| ഖത്തർ | Qatar |
| സൗദി അറേബ്യ | Saudi Arabia |
| സിറിയ | Syrian Arab Republic |
| തുർക്കി | Turkey |
| യു. എ. ഇ. (യുണൈറ്റഡ് അറബ് എമിറേറ്റ്സ്) | United Arab Emirates |
| യെമെൻ | Yemen |

# യൂറോപ്പ് — Europe

## പൂർവ യൂറോപ്പ് — Eastern Europe

| | |
|---|---|
| ബെലാറസ് | Belarus |
| ബൾഗേറിയ | Bulgaria |
| ചെക്ക് റിപ്പബ്ലിക്ക് | Czech Republic |
| ഹംഗറി | Hungary |
| പോളണ്ട് | Poland |
| മോൾഡോവ | Republic of Moldova |
| റൊമാനിയ | Romania |
| റഷ്യ | Russian Federation |
| സ്ലൊവാക്യ | Slovakia |
| യുക്രൈൻ | Ukraine |

## ഉത്തര യൂറോപ്പ് — Northern Europe

| | |
|---|---|
| ആലാൻഡ് ദ്വീപുകൾ | Aland Islands |
| ചാനൽ ദ്വീപുകൾ | Channel Islands |
| ഡെൻമാർക്ക് | Denmark |
| എസ്റ്റോണിയ | Estonia |
| ഫാറോ ദ്വീപുകൾ | Faeroe Islands |
| ഫിൻലൻഡ് | Finland |
| ഗേൺസി | Guernsey |
| ഐസ്‌ലൻഡ് | Iceland |
| അയർലൻഡ് | Ireland |
| ഐൽ ഓഫ് മാൻ | Isle of Man |
| ജെഴ്സി | Jersey |
| ലാത്വിയ | Latvia |
| ലിത്വാനിയ | Lithuania |
| നോർവെ | Norway |
| സ്വാൽബാഡ് & യാൻ മായെൻ ദ്വീപുകൾ | Svalbard and Jan Mayen Islands |
| സ്വീഡൻ | Sweden |
| യുണൈറ്റഡ് കിങ്ഡം (ബ്രിട്ടൻ) | United Kingdom of Great Britain and Northern Ireland |

## ദക്ഷിണ യൂറോപ്പ് — Southern Europe

| | |
|---|---|
| അൽബേനിയ | Albania |
| അൻഡോറ | Andorra |
| ബോസ്നിയ & ഹെർസഗോവിന | Bosnia and Herzegovina |
| ക്രൊയേഷ്യ | Croatia |
| ജിബ്രാൾട്ടർ | Gibraltar |
| ഗ്രീസ് | Greece |
| ഹോളി സീ (വത്തിക്കൻ സിറ്റി) | Holy See (Vatican City) |
| ഇറ്റലി | Italy |
| മാൾട്ട | Malta |
| മോണ്ടിനെഗ്രോ | Montenegro |
| പോർച്ചുഗൽ | Portugal |
| സാൻ മാരിനോ | San Marino |
| സെർബിയ | Serbia |
| സ്ലൊവീനിയ | Slovenia |
| സ്പെയിൻ | Spain |
| മാസിഡോണിയ | The former Yugoslav Republic of Macedonia |

## പശ്ചിമ യൂറോപ്പ് — Western Europe

| | |
|---|---|
| ഓസ്ട്രിയ | Austria |
| ബെൽജിയം | Belgium |
| ഫ്രാൻസ് | France |
| ജർമനി | Germany |
| ലിക്റ്റെൻസ്റ്റൈൻ | Liechtenstein |
| ലക്സംബെർഗ് | Luxembourg |

| | |
|---|---|
| മൊണാക്കോ | Monaco |
| നെദർലൻഡ്സ് | Netherlands |
| സ്വിറ്റ്സർലൻഡ് | Switzerland |

## ഒഷ്യാനിയ Oceania

| | |
|---|---|
| **ഓസ്ട്രേലിയ & ന്യൂസീലൻഡ്** | **Australia and New Zealand** |
| ഓസ്ട്രേലിയ | Australia |
| ന്യൂസീലൻഡ് | New Zealand |
| നോർഫോക്ക് ദ്വീപുകൾ | Norfolk Islands |
| മെലനീഷ്യ | Melanesia |
| ഫിജി | Fiji |
| ന്യൂ കാലിഡോണിയ | New Caledonia |
| പാപ്പുവ ന്യൂഗിനി | Papua New Guinea |
| സോളമൻ ദ്വീപുകൾ | Solomon Islands |
| വനുവാതു | Vanuatu |
| **മൈക്രൊനീഷ്യ** | **Micronesia** |
| ഗ്വാം | Guam |
| കിരിബാസ് | Kiribati |
| മാർഷൽ ദ്വീപുകൾ | Marshall Islands |
| മൈക്രൊനീഷ്യ | Micronesia, Federated States of |
| നൗറു | Nauru |
| വടക്കൻ മരിയാനാ ദ്വീപുകൾ | Northern Mariana Islands |
| പലാവു | Palau |
| **പോളിനീഷ്യ** | **Polynesia** |
| അമേരിക്കൻ സമോവ | American Samoa |
| കുക്ക് ദ്വീപുകൾ | Cook Islands |
| ഫ്രഞ്ച് പോളിനീഷ്യ | French Polynesia |
| നിയു | Niue |
| പിറ്റ്കെയ്ൻ ദ്വീപുകൾ | Pitcairn |
| സമോവ | Samoa |
| തൊക്കെലാവു | Tokelau |
| ടോങ്ഗ | Tonga |
| തുവാലു | Tuvalu |
| വാലിസ് & ഫെറ്റ്യൂണ ദ്വീപുകൾ | Wallis and Futuna Islands |

ഐക്യരാഷ്ട്രസഭയുടെ വിഭജനക്രമം 'ലോകരാഷ്ട്രങ്ങൾ' പിന്തുടരുന്നു. എന്നാൽ ഏതാനും ചില വ്യത്യാസങ്ങൾ കൂടിയുണ്ട്. ലോകരാഷ്ട്രീയത്തിന്റെ വർത്തമാനകാലസ്ഥിതിയനുസരിച്ച് യു.എൻ. അംഗത്വമില്ലാത്ത ചില രാജ്യങ്ങളെക്കൂടി ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സൈപ്രസിനെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ ഏഷ്യയിലാണ് യു.എൻ. ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആ രാജ്യം 2004 മേയിൽ യൂറോപ്യൻ യൂണിയനിൽ അംഗത്വം നേടി. സാംസ്കാരികമായി യൂറോപ്യൻ ഏഷ്യൻ സ്വഭാവങ്ങൾ സൈപ്രസിനുണ്ട്. 'ലോകരാഷ്ട്രങ്ങൾ' സൈപ്രസിനെ യൂറോപ്പിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 'ലോകരാഷ്ട്രങ്ങളി'ലെ മൂന്നു വാല്യങ്ങളിലായി ശീർഷകങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| 192 | യു.എൻ. അംഗരാജ്യങ്ങൾ |
| 2 | യു.എൻ. അംഗത്വമില്ലെങ്കിലും നിരീക്ഷകപദവിയുള്ള രാജ്യങ്ങൾ (വത്തിക്കൻ സിറ്റിയും പലസ്തീനും) |
| 2 | യു.എൻ. അംഗത്വമില്ലെങ്കിലും ഒട്ടേറെ അംഗരാജ്യങ്ങൾ അംഗീകരിച്ചിട്ടുള്ള രാജ്യങ്ങൾ. |
| 36 | അധീന പ്രദേശങ്ങൾ (dependent territories) |
| 4 | വിദേശ പ്രവിശ്യകൾ (overseas departments). (ഫ്രാൻസിന്റെ വകയായ ഫ്രഞ്ച് ഗയാന, ഗ്വാദലൂപ്, മാർട്ടിനിക്, റീയൂണിയൻ എന്നിവ) |
| 5 | പ്രത്യേക ഭരണമേഖലകൾ (Special Administrative regions) ചൈനയിലെ ഹോങ്കോങ്, മക്കാവു, നോർവെയിലെ സ്വാൽബാഡ്, ഫിൻലൻഡിലെ ആലാൻഡ്, സെർബിയയിലെ യു.എൻ. നിയന്ത്രണത്തിലുള്ള കൊസോവോ. |

ഇറ്റലിയിലെ സൗത്ത് ടിറോളിനും പ്രത്യേക ഭരണമേഖലയുടെ സ്വഭാവമാണുള്ളത്. രണ്ടാം ലോകയുദ്ധാന്ത്യം വരെ ഓസ്ട്രോ-ഹംഗേറിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ ജർമൻ ഭൂരിപക്ഷപ്രദേശം 1945-ൽ ഇറ്റലിയോടു ചേർത്തു. ഓസ്ട്രിയയോടു ചേരാനാണ് ജനങ്ങൾ ആഗ്രഹിച്ചത്. യു.എൻ. മധ്യസ്ഥതയിൽ പിന്നീട് ഇറ്റലിയും ഓസ്ട്രിയയും ഒപ്പുവച്ച കരാർപ്രകാരം സൗത്ത് ടിറോളിന് വിശേഷമായ സ്വയംഭരണാധികാരമുണ്ട്. എന്നാൽ സൗത്ത് ടിറോളിനെ പ്രത്യേക ശീർഷകമായി 'ലോകരാഷ്ട്രങ്ങളി'ൽ ഉൾക്കൊള്ളിച്ചിട്ടില്ല. മറ്റു പ്രത്യേക ഭരണമേഖലകളുടെ സ്വഭാവം അതിനില്ലാത്തതാണു കാരണം.

ഇവയ്ക്കുപുറമേ പല രാജ്യങ്ങളുടെയും കൈവശമുള്ള ഒട്ടേറെ നിർജനദ്വീപുകളും ആർക്കും ഉടമസ്ഥാവകാശമില്ലാത്ത അന്റാർട്ടിക് പ്രദേശവും ഭൂമിയിലുണ്ട്. നിർജനദ്വീപുകൾ ശാസ്ത്രപരീക്ഷണങ്ങൾക്കും സൈനികാസ്ഥാനങ്ങൾക്കും മറ്റും വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. ചില ദ്വീപുകൾ സംരക്ഷിത വനപ്രദേശങ്ങളാണ്. താഴെപ്പറയുന്നവയാണ് ഓരോ രാജ്യത്തിന്റെയും കീഴിലുള്ള നിർജനദ്വീപുകൾ.

**ഓസ്ട്രേലിയ:** ആഷ്മോർ ആൻഡ് കാർട്ടിയർ ഐലൻഡ്സ് (Ashmore and Cartier Islands/Indian Ocean), ഗ്രേറ്റ് ബാരിയർ റീഫ് ഉൾപ്പെടുന്ന കോറൽ സീ ഐലൻഡ്സ്(Coral See Islands/Western Pacific), ഹേഡ് ആൻഡ് മക്ഡോണൾഡ് ഐലൻഡ്സ്(Heard and Mc Donald Islands/S. Pacific)

**ഫ്രാൻസ്:** ബാസസ് ഡാ ഇന്ത്യ (Bassas da India), യൂറോപ്പ ഐലൻഡ് (Europa Island), ഗ്ലോറിയോസോ ഐലൻഡ് (Glorioso Island), ഹുവാൻ ഡി നോവ ഐലൻഡ് (Juan de Nova Island)—എല്ലാം ഇന്ത്യൻ മഹാസമുദ്രത്തിലെ മൊസാംബിക് ചാനൽ. ക്ലിപ്പെർട്ടൺ ഐലൻഡ് (Clipperton Island/Eastern Pacific), ട്രോമെലിൻ ഐലൻഡ് (Tromelin Island/Indian Ocean), ഫ്രഞ്ച് സതേൺ ടെറിറ്ററീസ് (French Southern Territories/Antarctica. It comprises the Kerguelan and Crozet archepelagos).

**നോർവേ:** ബൂവെർ ഐലൻഡ് (Bouvert Island/South Atlantic), യാൻ മായെൻ ഐലൻഡ് (Jan Mayen Island/Arctic Ocean)

**ബ്രിട്ടൻ:** ബ്രിട്ടീഷ് ഇന്ത്യൻ ഓഷൻ ടെറിറ്ററി (British Indian Ocean Territory/Indian Ocean; comprising Chagos archepelago) ഇന്ത്യയിൽനിന്ന് 1000 കിലോമീറ്റർ അകലെ ഈ മേഖലയിലുള്ള ഡീഗോ ഗാർസിയ (Diego Garcia)ദ്വീപിൽ ബ്രിട്ടീഷ്-അമേരിക്കൻ പട്ടാളത്താവളമുണ്ട്. സൗത്ത് ജോർജിയ, സൗത്ത് സാൻഡ്‌വിച്ച് ഐലൻഡ്സ് (South Georgia & South Sandwich Islands/South Atlantic)

**യു.എസ്.:** ബേക്കർ ഐലൻഡ്, ഹൗലൻഡ് ഐലൻഡ് (Baker, Howland Islands/North Pacific), ജാർവിസ് ഐലൻഡ് (Jarvis Island/South Pacific), ജോൺസ്റ്റൺ ഐലൻഡ്സ്, വെയ്ക് ഐലൻഡ്, മിഡ്‌വേ ഐലൻഡ് (Johnston Islands, Wake Island, Midway Island/Central Pacific), കിങ്മാൻ റീഫ് (Kingman Reef/North Pacific), നവാസാ ഐലൻഡ് (Navassa Island/Caribbean), പാൽമിറ ആറ്റോൾ(Palmyra Atoll).

## ഐക്യരാഷ്ട്രസഭയിലെ 192 അംഗരാഷ്ട്രങ്ങൾ

(ബ്രാക്കറ്റിൽ അംഗത്വം കിട്ടിയ തീയതി)

1. അംഗോള Angola-(1 Dec. 1976)
2. അൻഡോറ Andorra-(28 July 1993)
3. അഫ്ഗാനിസ്ഥാൻ Afghanistan-(19 Nov. 1946)_
4. അമേരിക്കൻ ഐക്യനാടുകൾ United States of America-(24 Oct. 1945)
5. അയർലൻഡ് Ireland-(14 Dec. 1955)
6. അൽജീരിയ Algeria-(8 Oct. 1962)
7. അൽബേനിയ Albania-(14 Dec. 1955)
8. അസർബയ്ജാൻ Azerbaijan-(2 Mar. 1992)
9. ആന്റിഗ്വ & ബാർബുഡ Antigua & Barbuda-(11 Nov. 1981)
10. ആർജന്റീന Argentina-(24 Oct. 1945)
11. ആർമീനിയ Armenia-(2 Mar. 1992)
12. ഇക്വറ്റോറിയൽ ഗിനി Equatorial Guinea-(12 Nov. 1968)
13. ഇത്യോപ്പിയ Ethiopia-(13 Nov. 1945)
14. ഇൻഡൊനീഷ്യ Indonesia-(28 Sep. 1950)
15. ഇന്ത്യ India-(30 Oct. 1945)
16. ഇസ്രായേൽ Israel-(11 May 1949)
17. ഇറ്റലി Italy-(14 Dec. 1955)
18. ഇറാഖ് Iraq-(21 Dec. 1945)
19. ഇറാൻ Iran(Islamic Republic of)-(24 Oct. 1945)
20. ഈജിപ്ത് Egypt-(24 Oct. 1945)
21. ഉത്തര കൊറിയ Korea(Democratic People's Republic of)-(17 Sep. 1991)
22. ഉസ്ബെക്കിസ്ഥാൻ Uzbekistan-(2 Mar. 1992)
23. എക്വഡോർ Ecuador-(21 Dec. 1945)
24. എൽ സാൽവഡോർ El Salvador-(24 Oct. 1945)
25. എസ്റ്റോണിയ Estonia-(17 Sep. 1991)
26. എറിത്രിയ Eritrea-(28 May 1993)
27. ഐവറി കോസ്റ്റ് Cote d'Ivoire/Ivory Coast-(20 Sep. 1960)
28. ഐസ്‌ലൻഡ് Iceland-(19 Nov. 1946)
29. ഒമാൻ Oman-(7 Oct. 1971)
30. ഓസ്ട്രിയ Austria-(14 Dec. 1955)
31. ഓസ്ട്രേലിയ Australia-(1 Nov. 1945)
32. കംബോഡിയ Cambodia-(14 Dec. 1955)
33. കസാഖ്സ്ഥാൻ Kazakhstan-(2 Mar. 1992)
34. കാനഡ Canada-(9 Nov. 1945)
35. കാമറൂൺ Cameroon-(20 Sep. 1960)
36. കിരിബാസ് Kiribati-(14 Sept. 1999)
37. കിഴക്കൻ ടിമോർ Timor-Leste-(27 Sept. 2002)
38. കിർഗിസ്ഥാൻ Kyrgyzstan-(2 Mar. 1992)
39. കുവൈത്ത് Kuwait-(14 May 1963)
40. കെനിയ Kenya-(16 Dec. 1963)
41. കേപ് വെർദ് Cape Verde-(16 Sept. 1975)
42. കൊമറൂസ് Comoros-(12 Nov. 1975)
43. കൊളംബിയ Colombia-(5 Nov. 1945)
44. കോംഗോ ജനാധിപത്യ റിപ്പബ്ലിക്ക് Congo (Democratic Republic of the)-(20 Sep. 1960)
45. കോംഗോ റിപ്പബ്ലിക്ക് Congo (Republic of the)-(20 Sept. 1960)
46. കോസ്റ്ററീക്ക Costa Rica-(2 Nov. 1945)
47. ക്യൂബ Cuba-(24 Oct. 1945)
48. ക്രൊയേഷ്യ Croatia-(22 May 1992)
49. ഖത്തർ Qatar-(21 Sept. 1971)
50. ഗയാന Guyana-(20 Sept. 1966)
51. ഗാംബിയ Gambia-(21 Sept. 1965)
52. ഗാബോൺ Gabon-(20 Sept. 1960)
53. ഗിനി Guinea-(12 Dec. 1958)
54. ഗിനി ബിസാവു Guinea-Bissau-(17 Sept. 1974)
55. ഗ്വാട്ടിമാല Guatemala-(21 Nov. 1945)
56. ഗ്രനഡ Grenada-(17 Sept. 1974)
57. ഗ്രീസ് Greece-(25 Oct. 1945)
58. ഘാന Ghana-(8 Mar. 1957)
59. ചാഡ് Chad-(20 Sept. 1960)
60. ചിലി Chile-(24 Oct. 1945)
61. ചെക്ക് റിപ്പബ്ലിക്ക് Czech Republic-(19 Jan. 1993)
62. ചൈന China-(24 Oct. 1945)
63. ജപ്പാൻ Japan-(18 Dec. 1956)
64. ജർമനി Germany-(18 Sep. 1973)
65. ജമൈക്ക Jamaica-(18 Sep. 1962)
66. ജിബൂട്ടി Djibouti-(20 Sep. 1977)
67. ജോർജിയ Georgia-(31 July 1992)
68. ജോർദാൻ Jordan-(14 Dec. 1955)
69. ടാൻസാനിയ United Republic of Tanzania-(14 Dec. 1961)

70. ടുണീഷ്യ Tunisia-(12 Nov. 1956)
71. ടോങ്ഗ Tonga-(14 Sep. 1999)
72. ടോഗോ Togo-(20 Sep. 1960)
73. ട്രിനിഡാഡ് & ടൊബാഗോ Trinidad and Tobago-(18 Sept. 1962)
74. ഡെൻമാർക്ക് Denmark-(24 Oct. 1945)
75. ഡൊമിനിക്ക Dominica-(18 Dec. 1978)
76. ഡൊമിനിക്കൻ റിപ്പബ്ലിക്ക് Dominican Republic-(24 Oct. 1945)
77. താജിക്കിസ്ഥാൻ Tajikistan-(2 Mar. 1992)
78. തായ്‌ലൻഡ് Thailand-(16 Dec. 1946)
79. തുവാലു Tuvalu-(5 Sep. 2000)
80. തുർക്കി Turkey-(24 Oct. 1945)
81. തുർക്‌മെനിസ്ഥാൻ Turkmenistan-(2 Mar. 1992)
82. ദക്ഷിണ കൊറിയ Korea, Republic of-(17 Sep. 1991)
83. ദക്ഷിണാഫ്രിക്ക South Africa-(7 Nov. 1945)
84. നമീബിയ Namibia-(23 Apr. 1990)
85. നിക്കരാഗ്വ Nicaragua-(24 Oct. 1945)
86. ന്യൂസീലൻഡ് New Zealand-(24 Oct. 1945)
87. നെദർലൻഡ്സ് Netherlands-(10 Dec. 1945)
88. നേപ്പാൾ Nepal-(14 Dec. 1955)
89. നൈജീരിയ Nigeria-(7 Oct. 1960)
90. നൈജർ Niger-(20 Sep. 1960)
91. നോർവേ Norway-(27 Nov. 1945)
92. നൗറു Nauru-(14 Sep. 1999)
93. പലാവു Palau-(15 Dec. 1994)
94. പാകിസ്ഥാൻ Pakistan-(30 Sep. 1947)
95. പാനമ Panama-(13 Nov. 1945)
96. പാപ്പുവ ന്യൂഗിനി Papua New Guinea-(10 Oct. 1975)
97. പാരഗ്വായ് Paraguay-(24 Oct. 1945)
98. പെറു Peru-(31 Oct. 1945)
99. പോളണ്ട് Poland-(24 Oct. 1945)
100. പോർച്ചുഗൽ Portugal-(14 Dec. 1955)
101. ഫിജി Fiji-(13 Oct. 1970)
102. ഫിൻലൻഡ് Finland-(14 Dec. 1955)
103. ഫിലിപ്പീൻസ് Philippines-(24 Oct. 1945)
104. ഫ്രാൻസ് France-(24 Oct. 1945)
105. ബംഗ്ലാദേശ് (Bangladesh-(17 Sep. 1974)
106. ബഹാമാസ് Bahamas-(18 Sep. 1973)
107. ബഹ്റൈൻ Bahrain-(21 Sep. 1971)
108. ബൾഗേറിയ Bulgaria-(14 Dec. 1955)
109. ബർക്കിന ഫാസോ Burkina Faso-(20 Sep. 1960)
110. ബാർബഡോസ് Barbados-(9 Dec. 1966)
111. ബുറൺഡി Burundi-(18 Sep. 1962)
112. ബെനിൻ Benin-(20 Sep. 1960)
113. ബെലാറസ് Belarus-(24 Oct. 1945)
114. ബെലീസ് Belize-(25 Sep. 1981)
115. ബെൽജിയം Belgium-(27 Dec. 1945)
116. ബൊളിവിയ Bolivia-(14 Nov. 1945)
117. ബോട്സ്വാന Botswana-(17 Oct. 1966)
118. ബോസ്നിയ & ഹെർസഗോവിന Bosnia and Herzegovina-(22 May 1992)
119. ബ്രസിൽ Brazil-(24 Oct. 1945)
120. ബ്രൂണൈ Brunei Darussalam-(21 Sep. 1984)
121. ഭൂട്ടാൻ Bhutan-(21 Sep. 1971)
122. മംഗോളിയ Mongolia-(27 Oct. 1961)
123. മഡഗാസ്കർ Madagascar-(20 Sep. 1960)
124. മധ്യാഫ്രിക്കൻ റിപ്പബ്ലിക്ക് Central African Republic-(20 Sep. 1960)
125. മലാവി Malawi-(1 Dec. 1964)
126. മലേഷ്യ Malaysia-(17 Sep. 1957)
127. മാലദ്വീപുകൾ Maldives-(21 Sep. 1965)
128. മാലി Mali-(28 sep. 1960)
129. മാസിഡോണിയ The Former Yugoslav Republic of Macedonia-(8 Apr. 1993)
130. മാൾട്ട Malta-(1 Dec. 1964)
131. മാർഷൽ ദ്വീപുകൾ Marshall Islands (17 Sep. 1991)
132. മെക്സിക്കോ Mexico-(7 Nov. 1945)
133. മൈക്രൊനീഷ്യ Micronesia (Federated States of)-(17 Sep. 1991)
134. മൊണാക്കോ Monaco-(28 May 1993)
135. മൊസാംബിക്ക് Mozambique-(16 Sep. 1975)
136. മൊറോക്കോ Morocco-(12 Nov. 1956)
137. മോണ്ടിനെഗ്രോ Montenegro-(28 June 2006)
138. മോൾഡോവ Moldova-(2 Mar. 1992)
139. മൗറിറ്റാനിയ Mauritania-(27 Oct. 1961)
140. മൗറിഷ്യസ് Mauritius-(24 Apr. 1968)
141. മ്യാൻമർ Myanmar-(19 Apr. 1948)
142. യുണൈറ്റഡ് അറബ് എമിറേറ്റ്സ് United Arab Emirates-(9 Dec. 1971)
143. യുക്രൈൻ Ukraine-(24 Oct. 1945)
144. യുഗാൺഡ Uganda-(25 Oct. 1962)
145. യുണൈറ്റഡ് കിങ്ഡം(ബ്രിട്ടൻ) (United Kingdom of Great Britain and Northern Ireland -24 Oct. 1945)
146. യുറഗ്വായ് Uruguay-(18 Dec. 1945)
147. യെമെൻ Yemen-(30 Sep. 1947)
148. ലക്സംബെർഗ് Luxembourg -(24 Oct. 1945)
149. ലാത്വിയ Latvia-(17 Sep. 1991)
150. ലാവോസ് Lao People's Democratic Republic-(14 Dec. 1955)
151. ലിക്റ്റെൻസ്റ്റൈൻ Liechtenstein-(18 Sep. 1990)
152. ലിത്വാനിയ Lithuania-(17 Sep. 1991)
153. ലിബിയ Libyan Arab Jamahiriya-(14 Dec. 1955)
154. ലെബനൻ Lebanon- (24 Oct. 1945)
155. ലെസൂത്തൂ Lesotho-(17 Oct. 1966)
156. ലൈബീരിയ Liberia-(2 Nov. 1945)



157. വനുവാതു Vanuatu-(15 Sep. 1981)
158. വിയറ്റ്നാം Viet Nam-(20 Sep. 1977)
159. വെനസ്വേല Venezuela(Bolivarian Republic of)-(15 Nov. 1945)
160. ശ്രീലങ്ക Sri Lanka-(14 Dec. 1955)
161. സമോവ Samoa-(15 Dec. 1976)
162. സാംബിയ Zambia-(1 Dec. 1964)
163. സാൻ മാരിനോ San Marino-(2 Mar. 1992)
164. സാവോ ടോം & പ്രിൻസിപ്പി Sao Tome and Principe -(16 Sep. 1975)
165. സിങ്കപ്പൂർ Singapore-(21 Sep. 1965)
166. സിംബാബ്‌വേ Zimbabwe-(25 Aug. 1980)
167. സിയറാ Sierra Leone-(27 Sep. 1961)
168. സിറിയ Syrian Arab Republic-(24 Oct. 1945)
169. സുഡാൻ Sudan-(12 Nov. 1956)
170. സുരിനാം Suriname-(4 Dec. 1975)
171. സെനിഗൽ Senegal-(28 Sep. 1960)
172. സെയ്ന്റ് കിറ്റ്സ് നീവിസ് Saint Kitts and Nevis-(23 Sep. 1983)
173. സെയ്ന്റ് ലൂസിയ Saint Lucia-(18 Sep. 1979)
174. സെയ്ന്റ് വിൻസെന്റ് ഗ്രനഡൈൻസ് Saint Vincent and the Grenadines-(16 Sep. 1980)
175. സെയ്ഷെൽസ് Seychelles-(21 Sep. 1976)
176. സെർബിയ Serbia-(1 Nov. 2000)
177. സൈപ്രസ് Cyprus-(20 Sep. 1960)
178. സോമാലിയ Somalia-(20 Sep. 1960)
179. സോളമൻ ദ്വീപുകൾ Solomon Islands-(19 Sep. 1978)
180. സൗദി അറേബ്യ Saudi Arabia-(24 Oct. 1945)
181. സ്പെയിൻ Spain-(14 Dec. 1955)
182. സ്വാസിലൻഡ് Swaziland-(24 Sep. 1968)
183. സ്വിറ്റ്സർലൻഡ് Switzerland-(10 Sep. 2002)
184. സ്വീഡൻ Sweden-(19 Nov. 1946)
185. സ്ലൊവാക്യ Slovakia-(19 Jan. 1993)
186. സ്ലൊവീനിയ Slovenia-(22 May 1992)
187. ഹംഗറി Hungary-(14 Dec. 1955)
188. ഹയ്തി Haiti-(24 Oct. 1945)
189. ഹോൺഡുറസ് Honduras-(17 Dec. 1945)
190. റഷ്യ Russian Federation-(24 Oct. 1945)
191. റുവാൻഡ Rwanda-(18 Sep. 1962)
192. റൊമാനിയ Romania-(14 Dec. 1955)

*ഒരു രാജ്യത്തിൽനിന്നു വിഘടിച്ച് ഫലത്തിൽ സ്വതന്ത്ര രാജ്യങ്ങളായി നില്ക്കുന്ന അനംഗീകൃതരാജ്യങ്ങളുമുണ്ട്. ഇത്തരം ആറു രാജ്യങ്ങൾ ചൂണ്ടിക്കാട്ടാം. ഒരു യു.എൻ. അംഗരാജ്യവും അവയെ അംഗീകരിച്ചിട്ടില്ല. എന്നാൽ ടർക്കിഷ് റിപ്പബ്ലിക്ക് ഓഫ് നോർത്ത് സൈപ്രസിനെ യു.എൻ. അംഗരാജ്യമായ തുർക്കി മാത്രം അംഗീകരിച്ചിട്ടുണ്ട്. ജോർജിയയിലെ അബ്ഖാസിയ (Abkhazia), സൗത്ത് ഒസെറ്റിയ(South Ossetia), അസർബയ്ജാനിലെ നഗോണോ-കരബാഖ് (Nagorno-Karabakh) എന്നിവയാണവ.*

# നയതന്ത്രപരിരക്ഷകൾ

ചില സ്ഥലങ്ങൾക്ക് എക്സ്ട്രാ ടെറിറ്റോറിയലിറ്റി (extra territoriality) എന്ന അവസ്ഥയുണ്ട്. ആ സ്ഥലം അതു നിലകൊള്ളുന്ന രാജ്യത്തിന്റെ നിയമത്തിന്റെ പരിധിക്കുപുറത്തു നില്ക്കുന്ന അവസ്ഥയാണത്. നയതന്ത്രബന്ധങ്ങളുടെ ഭാഗമായാണ് എക്സ്ട്രാ ടെറിറ്റോറിയലിറ്റി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. യു.എൻ. പോലുള്ള കാര്യാലയങ്ങൾ, എംബസികൾ, കോൺസുലേറ്റുകൾ, സൈനികത്താവളങ്ങൾ തുടങ്ങിയവയ്ക്ക് ഇതു ബാധകമാണ്. ന്യൂയോർക്കിലെ യു.എൻ. ആസ്ഥാനം, ഹേഗിലെ അന്താരാഷ്ട്ര കോടതി, ജനീവ, വിയന്ന, നയ്റോബി എന്നിവിടങ്ങളിലെ യു. എൻ. കാര്യാലയങ്ങൾ, വത്തിക്കന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, പോപ്പിന്റെ വേനൽക്കാല വസതിയായ കാസ്റ്റൽ ഗാൻഡോൾഫോ, ക്രിസ്തുമതസംഘടനയായ സോവറിൻ മിലിറ്ററി ഓർഡർ ഓഫ് മാൾട്ടയുടെ റോമിലെ ആസ്ഥാനം, ബെൽജിയത്തിലെ ബ്രസൽസിലുള്ള നാറ്റോ(Nato)യുടെ രാഷ്ട്രീയ ആസ്ഥാനം, ബെൽജിയത്തിലെ മോൺസിലുള്ള നാറ്റോയുടെ സൈനികാസ്ഥാനം, സിറിയയിലെ 'തുർക്കിയുടെ ശവകുടീരം' (Turk's Tomb)എന്നറിയപ്പെടുന്ന സെമിത്തേരി, അന്താരാഷ്ട്ര അളവു-തൂക്ക സംഘടനയായ ജനറൽ കോൺഫറൻസ് ഓൺ വെയ്റ്റ്സ് ആൻഡ് മെഷേഴ്സിന്റെ (General Conference on Weights and Measures/Conference Generale des Poids et Mesures-CGPM) പാരീസിലെ സെവ്‌റി(Sevre)ലുള്ള ആസ്ഥാനമായ പവിലിയൻ ദ് ബ്രെറ്റിയുൽ (Pavillion de Breteuil) തുടങ്ങിയവയ്ക്ക് ഈ പദവിയുണ്ട്. അളവുകളുടെ അന്താരാഷ്ട്രസമ്പ്രദായം നിർണയിക്കുന്ന ഈ സംഘടന 4-6 വർഷങ്ങളിലൊരിക്കൽ വീതം യോഗം ചേരുന്നു. 51 രാജ്യങ്ങൾ അംഗങ്ങളായും 21 രാജ്യങ്ങൾ അസോഷിയേറ്റ് അംഗങ്ങളായും സംഘടനയിലുണ്ട്. 1957-ൽ ഇന്ത്യ സി.ജി.പി.എമ്മിൽ അംഗമായി. ഒട്ടോമൻ തുർക്കി സാമ്രാജ്യസ്ഥാപകനായ ഉസ്മാൻ ഒന്നാമന്റെ പിതാവ് എർത്രുഗ്രലിന്റെ പിതാവ്/ സുലൈമാൻ ഷായുടെ ശവകുടീരമാണ് 'ടർക്ക്സ് ടൂം' എന്നറിയപ്പെടുന്നത്. 1921-ൽ അങ്കാറാ കരാറനുസരിച്ച് ഫ്രാൻസാണ് അന്ന് തങ്ങളുടെ അധീനതയിലായിരുന്ന സിറിയയിലെ ഈ സ്ഥലം തുർക്കിക്കു നല്കിയത്. ഇവിടെ ഒരു പട്ടാളസംഘം നിലനിർത്താനും തങ്ങളുടെ ദേശീയപതാക ഉയർത്താനും തുർക്കിക്ക് അവകാശമുണ്ട്.

വിദേശ ഭരണാധികാരികളുമായി ബന്ധപ്പെട്ട വ്യക്തികൾ, വസ്തുക്കൾ, അംബാസഡർമാർ, അവരുമായി ബന്ധപ്പെട്ട വ്യക്തികൾ, വസ്തുക്കൾ, മറ്റ് നയതന്ത്രപ്രതിനിധികൾ തുടങ്ങിയവർക്ക് എക്സ്ട്രാ ടെറിറ്റോറിയലിറ്റിയുടെ പരിരക്ഷയുണ്ട്. നയതന്ത്രപ്രതിനിധികളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന നിയമപരിരക്ഷയാണ് ഡിപ്ലൊമാറ്റിക് ഇമ്മ്യൂണിറ്റി. ആതിഥേയരാജ്യത്തിന്റെ നിയമനടപടികളിൽനിന്നും ശിക്ഷകളിൽനിന്നും നയതന്ത്രജ്ഞന് സുരക്ഷിതമായ രക്ഷാമാർഗം നല്കുന്നതാണ് ഈ സംവിധാനം. നയതന്ത്രപ്രതിനിധിയെ പുറത്താക്കുകയല്ലാതെ ശിക്ഷിക്കാനാവില്ല, ഡിപ്ലൊമാറ്റിക് ഇമ്യൂണിറ്റി ഉള്ളിടത്തോളം കാലം. എന്നാൽ നയതന്ത്രപ്രതിനിധി തന്റെ നയതന്ത്രധർമവുമായി ബന്ധപ്പെടാത്ത ഗുരുതരമായ കുറ്റം ചെയ്താൽ അയാളുടെ/അവളുടെ ഡിപ്ലൊമാറ്റിക് ഇമ്യൂണിറ്റി പിൻവലിക്കാൻ ആതിഥേയരാജ്യത്തിന് പ്രതിനിധിയുടെ മാതൃരാജ്യത്തോട് ആവശ്യപ്പെടാം. നയതന്ത്രപരിരക്ഷ പിൻവലിച്ചാൽ കുറ്റകൃത്യത്തിന്റെ പേരിൽ അറസ്റ്റു ചെയ്യാനാവും.

# പ്രവാസഭരണകൂടങ്ങൾ

തങ്ങളാണ് സ്വരാജ്യത്തിന്റെ യഥാർത്ഥ ഭരണകൂടമെന്ന് അവകാശപ്പെട്ട് വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസസർക്കാരുകൾ (Government's in exile) ലോകരാഷ്ട്രീയ ഭൂപടത്തിന്റെ ഭാഗമാണ്. സ്വന്തം രാജ്യത്തെ ഭരണകൂടം നിയമവിരുദ്ധമാണെന്ന്

പ്രഖ്യാപിക്കുന്ന അവ വിദേശത്ത് ആസ്ഥാനമുറപ്പിച്ച് മറ്റു രാജ്യങ്ങളുടെ അംഗീകാരം നേടാൻ ശ്രമിക്കുന്നു.

## ചില പ്രവാസഭരണകൂടങ്ങൾ:

* പശ്ചിമ സഹാറയിലെ സഹ്റവി അറബ് ഡിമൊക്രാറ്റിക് റിപ്പബ്ലിക്ക് (SADR). അൽജീരിയയിലെ ടിൻഡുഫി (Tindouf)ലാണ് ഈ ഭരണകൂടം ആസ്ഥാനമുറപ്പിച്ചിട്ടുള്ളത്.
* ഇൻഡൊനീഷ്യയിലെ ആച്ചേ (Aceh) പ്രവിശ്യയിലെ വിഘടനവാദികളുടെ സർക്കാരായ ഫ്രീ ആച്ചേ മൂവ്മെന്റ്. സ്വീഡൻ ആസ്ഥാനം.
* ബെലാറസിലെ ബെലാറഷ്യൻ നാഷണൽ റിപ്പബ്ലിക്ക്. 1920 മുതൽ പ്രവാസത്തിൽ പ്രവർത്തിക്കുന്ന ഈ ഭരണകൂടം കാനഡയിൽ ആസ്ഥാനമുറപ്പിച്ചിരിക്കുന്നു.
* ഗവൺമെന്റ് ഓഫ് ടിബറ്റ്. ദലായ് ലാമ നയിക്കുന്ന ഈ ടിബറ്റൻ സർക്കാരിന്റെ ആസ്ഥാനം ഇന്ത്യയാണ്.
* റിപ്പബ്ലിക്ക് മലുക്കു സെലാത്തൻ. ഇൻഡൊനീഷ്യയിലെ സൗത്ത് മൊളുക്കാസ് ദ്വീപിലെ ഈ ഭരണകൂടം 1950 മുതൽ നെദർലൻഡ്സിൽ പ്രവർത്തിക്കുന്നു.
* മൊണാർക്കി ഓഫ് ഇറാൻ. ഇറാനിലെ ഷായുടെ മകൻ റിസാ സൈറസ് പഹ്‌ലവി നയിക്കുന്ന ഈ ഭരണകൂടം അമേരിക്കയിലാണ്.

എന്നെങ്കിലും ജന്മനാട്ടിൽ തിരിച്ചെത്തുമെന്ന പ്രതീക്ഷയിൽ കഴിയുന്ന ഇത്തരം സർക്കാരുകൾ പലതും പേരിനു മാത്രമുള്ളതാണ്. രണ്ടാം ലോകയുദ്ധകാലത്ത് യൂറോപ്പിലെ ഒട്ടേറെ ഭരണകൂടങ്ങൾ നാത്സികളെ ഭയന്ന് ബ്രിട്ടനിൽ പ്രവാസജീവിതം നയിച്ചിരുന്നു. കോളനിവാഴ്ചയ്ക്കെതിരെ പല രാജ്യങ്ങളിലെയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ വിദേശങ്ങളിൽ പ്രവാസ സർക്കാരുകൾ സ്ഥാപിച്ചിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ ആസാദ് ഹിന്ദ് സർക്കാർ ഉദാഹരണം.

ഒട്ടേറെ തർക്കപ്രദേശങ്ങളും അധിനിവേശിത പ്രദേശങ്ങളും ലോകത്തുണ്ട്. ഒരേ പ്രദേശം തങ്ങളുടേതാണെന്ന് ഒന്നിലേറെ രാജ്യങ്ങൾ അവകാശപ്പെടുന്നതും അത്തരം മേഖലകളിലേക്ക് സൈനികബലത്താൽ കടന്നുകയറി ആധിപത്യം സ്ഥാപിക്കുന്നതും രാഷ്ട്രീയ പ്രതിസന്ധികൾക്കും സമാധാനജീവിതം തകരുന്നതിനും കാരണമാവുന്നു. വെസ്റ്റ് ബാങ്ക്, ഗാസാ സ്ട്രിപ്, ഗോലാൻ കുന്നുകൾ തുടങ്ങിയ പശ്ചിമേഷ്യൻ പ്രദേശങ്ങൾ ഇതിനുദാഹരണങ്ങളാണ്. തർക്കമുള്ള പ്രദേശങ്ങളിൽ പലതിലും യു.എൻ. ഇടപെടൽകൊണ്ട് സൈന്യനിർവ്യാപന മേഖലകൾ (Demilitarized zones) നിലവിൽ വന്നിട്ടുണ്ട്. രണ്ടു സൈനിക ശക്തികൾക്കിടയിൽ സൈന്യവിന്യാസമോ നടപടിയോ അനുവദിച്ചിട്ടില്ലാത്ത മേഖലകളാണവ. സമാധാന സന്ധി, വെടിനിർത്തൽ എന്നിവയിലൂടെയോ ഉഭയകക്ഷി സമ്മതത്തിലൂടെയോ ആണ് ഇത്തരം മേഖലകൾ നടപ്പിൽ വരുത്തുന്നത്. ഒരു നിയന്ത്രണരേഖ (line of control)യ്ക്കപ്പുറമാണ് സൈന്യനിർവ്യാപന മേഖല ഏർപ്പെടുത്തുന്നത്. ഫലത്തിൽ അന്താരാഷ്ട്ര അതിർത്തികളാണവ. ഇത്തരം പല മേഖലകളും വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾകൂടിയാണ്. ഇത്തരം ചില മേഖലകൾ നിഷ്പക്ഷ മേഖലകളായിരിക്കും. ഏതെങ്കിലും ഒരു രാജ്യത്തിന് പൂർണ



ഐക്യരാഷ്ട്രസഭയുടെ ന്യൂയോർക്കിലെ ആസ്ഥാനം






നാറ്റോയുടെ ബ്രസ്സൽസിലെ ആസ്ഥാനം

നിയന്ത്രണം അനുവദിക്കുന്നതുവരെ അവിടെ സിവിലിയൻ ഭരണംപോലും നടപ്പാക്കില്ല.

ആഫ്രിക്കയിലെ വടക്കൻ മൊറോക്കോയ്ക്കും സ്പാനിഷ് നിയന്ത്രണത്തിലുള്ള ക്യൂറ്റ, മെലില്ല (Cueta and Melilla) പട്ടണങ്ങൾക്കും ഇടയിലുള്ള പ്രദേശം ഡീമിലിറ്ററൈസ്ഡ് സോൺ ആണ്. ആ പട്ടണങ്ങൾ സ്പെയിനിന്റേതാണെന്ന അവകാശവാദം മൊറോക്കോ അംഗീകരിച്ചിട്ടില്ല. ഗ്രീക്ക്, തുർക്കിഷ്, ജനങ്ങൾ അധിവസിക്കുന്ന സൈപ്രസിലെ തുർക്കിവംശജർക്കു ഭൂരിപക്ഷമുള്ള ടർക്കിഷ് റിപ്പബ്ലിക്ക് ഓഫ് നോർത്തേൺ സൈപ്രസും ഗ്രീക്ക് ഭൂരിപക്ഷമുള്ള റിപ്പബ്ലിക്ക് ഓഫ് സൈപ്രസും തമ്മിൽ വേർതിരിക്കുന്നത് 1974-ൽ യു.എൻ. ഏർപ്പെടുത്തിയ സൈന്യനിർവ്യാപന മേഖലയാണ്. ഫിൻലൻഡിന്റെ തീരത്ത് ബോത്തിന ഉൾക്കടലിൽ (Bothina Gulf) ഉള്ള സ്വയംഭരണ ദ്വീപായ ആലാൻഡി(Aland)നെ 1921-ൽ അന്നു നിലവിലുണ്ടായിരുന്ന ലോക രാഷ്ട്രസംഘടനയായ ലീഗ് ഓഫ് നേഷൻസാണ് ഡീമിലിറ്ററൈസ്ഡ് സോൺ ആയി പ്രഖ്യാപിച്ചത്. ഏഷ്യയിൽ കുവൈത്ത്-ഇറാഖ് വിഭജനരേഖ, ഉത്തര-ദക്ഷിണ കൊറിയയുടെ അതിർത്തി, ഗോലാൻകുന്നുകൾക്കും സിറിയയ്ക്കുമിടയിലുള്ള മേഖല എന്നിവയും അങ്ങനെതന്നെ. അന്റാർട്ടിക്കയും സൈന്യനിർവ്യാപന മേഖലയാണ്. സമാധാനാവശ്യങ്ങൾക്കുമാത്രമേ ഇവിടെ പട്ടാളക്കാരെയും ഉപകരണങ്ങളെയും ഉപയോഗിക്കാവൂ. തർക്കപ്രദേശങ്ങളിൽ മിക്കയിടത്തും ഐക്യരാഷ്ട്രസഭയ്ക്കു കീഴിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള സമാധാനസേനകൾ (UN Peace Keeping Missions) ഉണ്ട്.

ഒട്ടേറെ രാജ്യങ്ങളിൽ വിശാലമായ ഭൂപ്രദേശങ്ങൾതന്നെ വിഘടന, വിപ്ലവ സംഘടനകളുടെ നിയന്ത്രണത്തിലാണ്. ശ്രീലങ്കയിലെ ജാഫ്ന പ്രദേശം തമിഴ്പുലികളുടെ (Liberation Tigers of Tamil Eelam/LTTE)നിയന്ത്രണത്തിലായിരിക്കുന്നത് ഉദാഹരണം.

## പ്രതിനിധാനമില്ലാത്തവർ

ആദിമനിവാസി ജനതകൾ, അധിനിവേശിത രാഷ്ട്രങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്വതന്ത്രപ്രദേശങ്ങളെങ്കിലും അന്താരാഷ്ട്രപ്രതിനിധാനം കിട്ടാത്ത പ്രദേശങ്ങൾ തുടങ്ങിയവയുടെ രാജ്യാന്തരസംഘടനയാണ് അൺറെപ്രസെന്റഡ് നേഷൻസ് ആൻഡ് പീപ്പിൾസ് ഓർഗനൈസേഷൻ (UNPO). 63 അംഗങ്ങൾ സംഘടനയിലുണ്ട്. ആസ്ഥാനം നെദർലൻഡ്സിലെ ഹേഗ് (The Hague). അംഗങ്ങളുടെ മാനുഷികവും സാംസ്കാരികവുമായ അവകാശങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുകയും തങ്ങളെ ബാധിക്കുന്ന സംഘർഷങ്ങൾക്ക് അക്രമരഹിതമാർഗത്തിലൂടെ പരിഹാരമുണ്ടാക്കുകയുമാണ് യു.എൻ.പി.ഒ.യുടെ ലക്ഷ്യം. യു.എൻ. പോലുള്ള വലിയ അന്താരാഷ്ട്രസംഘടനകളിൽ യു.എൻ.പി.ഒ.യ്ക്ക് നയതന്ത്രപ്രാതിനിധ്യം കിട്ടാറില്ല. ഗോത്രസ്വഭാവമുള്ള സവിശേഷ ജനസമൂഹങ്ങളാണ് യു.എൻ.പി.ഒ.യിലെ അംഗങ്ങൾ. ഏഷ്യയിൽനിന്ന് ഇൻഡൊനീഷ്യയിലെ സുമാത്രാദ്വീപിലെ ആച്ചേ (Aceh) പ്രവിശ്യ, അസീറിയന്മാർ, മ്യാൻമറിലെ ചിൻ, ചിറ്റഗോങ് മലവാസികൾ, കിഴക്കൻ തുർക്കിസ്ഥാൻ, സിന്ധികൾ, കുർദുകൾ, ടിബറ്റുകാർ, റഷ്യയുടെ ഏഷ്യൻ മേഖലയിലുള്ള മംഗോളിയക്കാരായ തുവ ജനത, ഇറാനിലെ പശ്ചിമ ബലൂചിസ്ഥാൻ, ജോർജിയയിലെ അബ്ഖാസിക, ഓസ്ട്രേലിയയിലെ ആദിമനിവാസികൾ, ബുഗൈൻമിൽ റഷ്യയിലെ ചെചൻ റിപ്പബ്ലിക്, ക്രിമിയൻ താത്താറുകൾ, മാസിഡോണിയ റിപ്പബ്ലിക്കിലെ അൽബേനിയക്കാർ, റൊമാനിയയിലെ ഹംഗറിക്കാർ, അൽബേനിയയിലെ ഗ്രീക്കുകാർ, കൊസോവോ, അമേരിക്കയിലെ ബഫാലോറിവർഡീൻ നേഷൻ, സിയൂക്സ് അഥവാ ഡക്കോട്ട, മാപ്പുച്ചി തുടങ്ങിയ അമേരിന്ത്യൻ ഗോത്രങ്ങൾ, ആഫ്രിക്കയിലെ മസായ്, ഒഗോണി, ഒറോമോ തുടങ്ങിയ ഗോത്രങ്ങൾ,

സാൻസിബാർ, സോമാലി ലാൻഡ്, ദക്ഷിണാഫ്രിക്കയിലെ വഹാവെൻഡ തുടങ്ങിയ പ്രദേശങ്ങൾ എന്നിവയെല്ലാം യു.എൻ.പി.ഒ.യിൽ അംഗങ്ങളാണ്. എസ്റ്റോണിയ, ലാത്വിയ, ആർമീനിയ, ജോർജിയ, കിഴക്കൻ ടിമോർ, പലാവു എന്നീ രാജ്യങ്ങൾ മുമ്പ് യു.എൻ.പി.ഒ.യിൽ അംഗങ്ങളായിരുന്നു.

## എൻക്ലേവും എക്സ്ക്ലേവും

ഒരു രാജ്യത്തിന്റെ ഭാഗവും എന്നാൽ പൂർണമായും മറ്റൊരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ കിടക്കുന്നതുമായ പ്രദേശമാണ് എൻക്ലേവ് (Enclave). രാഷ്ട്രീയമായി ഒരു രാജ്യത്തിന്റെ ഭാഗവും എന്നാൽ അതിനോടു ചേർന്നുകിടക്കുന്നതുമല്ലാത്ത പ്രദേശമാണ് എക്സ്ക്ലേവ്. ഉദാഹരണത്തിന് കലിനിൻഗ്രാഡ് (Kaliningrad) റഷ്യയുടെ എക്സ്ക്ലേവാണ്. പോളണ്ട്, ലിത്വാനിയ എന്നീ രാജ്യങ്ങളാലും ബാൾട്ടിക് സമുദ്രത്താലും ചുറ്റപ്പെട്ടാണ് കലിനിൻഗ്രാഡ് കിടക്കുന്നത്. പല ഗൾഫ് രാജ്യങ്ങൾക്കും എൻക്ലേവുകളുണ്ട്. ആഫ്രിക്കയിലെ ലെസൂത്തൂ (Lesotho) പൂർണമായും എൻക്ലേവാണ്. ദക്ഷിണാഫ്രിക്കയ്ക്കുള്ളിൽ കിടക്കുന്ന സ്വതന്ത്രരാജ്യമാണ് ലെസൂത്തൂ.

## പ്രത്യേക സാമ്പത്തിക മേഖല

ഒരു രാജ്യത്തെ മറ്റു പ്രദേശങ്ങളിലുള്ള സാധാരണ സാമ്പത്തിക നിയമങ്ങളെക്കാൾ അയഞ്ഞ സാമ്പത്തിക നിയമങ്ങൾ ഉള്ള മേഖലയാണ് പ്രത്യേക സാമ്പത്തിക മേഖല (Special Economic Zone). വിദേശനിക്ഷേപം വർധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നത്. ഇന്ത്യ, ചൈന, ഇറാൻ, ജോർദാൻ, പോളണ്ട്, കസാഖ്സ്ഥാൻ, ഫിലിപ്പീൻസ്, റഷ്യ, ഉത്ത



കലിനിൻഗ്രാഡ്

രകൊറിയ തുടങ്ങിയ രാജ്യങ്ങളിൽ പ്രത്യേക സാമ്പത്തികമേഖലകളുണ്ട്. അമേരിക്കയിൽ അർബൻ എന്റർപ്രൈസ് സോൺ എന്നാണ് പ്രത്യേക സാമ്പത്തിക മേഖലയുടെ പേര്. 2000 ഏപ്രിലിലാണ് ഇന്ത്യയിൽ പ്രത്യേക സാമ്പത്തികമേഖലകൾ ആരംഭിച്ചത്. നിലവിലുള്ള പല എക്സ്പോർട്ട് പ്രോസസിങ് സോണുകളെയും സർക്കാർ പ്രത്യേക സാമ്പത്തിക മേഖലകളായി പരിവർത്തനം ചെയ്തു. കൊച്ചി (കേരളം), കാണ്ട്‌ല, സൂറത്ത് (ഗുജറാത്ത്), സാന്റാക്രൂസ്, മുംബൈ (മഹാരാഷ്ട്ര), ഫൽത്ത (പ. ബംഗാൾ), വിശാഖപട്ടണം (ആന്ധ്രപ്രദേശ്), നോയിഡ (യു.പി.), ചെന്നൈ, തിരുനെൽവേലിയിലെ നാങ്കുനേരി (തമിഴ്നാട്) തുടങ്ങിയവ ഉൾപ്പെടെ 15 പ്രത്യേക സാമ്പത്തിക മേഖലകൾ ഇന്ത്യയിലുണ്ട്.

# ഭാവനാ രാഷ്ട്രങ്ങൾ

ഇതിഹാസങ്ങളിലും പുരാണങ്ങളിലും പഴങ്കഥകളിലുമെല്ലാം എത്രയോ രാജ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഇതിഹാസപുരാണങ്ങളിലെ രാജ്യങ്ങൾക്ക് പൗരാണിക സംസ്കൃതികളുമായി ബന്ധമുണ്ട്. എന്നാൽ സാഹിത്യകൃതികളിൽ പ്രത്യക്ഷപ്പെടുന്ന രാജ്യങ്ങൾ ഭാവനയുടെ ഭൂപടത്തിൽമാത്രം നിലനില്ക്കുന്നവയാണ്. സ്വർഗഭൂമികളും നരകഭൂമികളും അവയിലുണ്ട്. വിചിത്രലോകങ്ങളും വിഭ്രമനഗരങ്ങളും അവയിലുണ്ട്. തോമസ് മൂറിന്റെ യുട്ടോപ്യ(Utopia)മുതൽ അൽഡസ് ഹക്സ്‌ലിയും ജോർജ് ഓർവെലും യെവ്ജെനി സംയാറ്റിനും ഒ.വി. വിജയനും സൃഷ്ടിച്ച ഡിസ്റ്റോപിയ(dystopia)കൾവരെ നീളുന്നു ആ ഭാവനാ രാഷ്ട്രങ്ങൾ. ഗ്രീക്ക് തത്ത്വചിന്തകനായ പ്ലേറ്റോയുടെ ‘റിപ്പബ്ലിക്’ തന്നെയും ആദർശരാഷ്ട്രത്തെക്കുറിച്ചുള്ള ഉദാത്ത സങ്കല്പമായിരുന്നു. ആ ഗ്രന്ഥത്തെ മുൻനിർത്തിയാണ് തോമസ് മൂർ 1516-ൽ ലാറ്റിൻഭാഷയിൽ (De Optimo Reipublicae Statu Deque Nova Insula Utopia (On the Best State of a Republic and on the New Island of Utopia) എന്ന കൃതി എഴുതിയത്. ഒരിടവുമില്ലാത്ത നാട് എന്നർത്ഥം വരുന്ന യുട്ടോപ്യ ഒരു സാങ്കല്പികദ്വീപിന്റെ കഥ പറഞ്ഞു. ഒരിക്കലും പ്രാപ്യമല്ലാത്ത ഗുണസമ്പൂർണ സമൂഹമാണത്. റഫേൽ ഹൈത്‌ലേദിയൂസ് എന്ന പര്യവേക്ഷകനാണ് താൻ കണ്ടെത്തിയ ആ നാടിന്റെ കഥ പറയുന്നത്.

ഇംഗ്ലീഷ് നോവലിസ്റ്റായ ജെ.ആർ.ആർ. ടോൾക്കീനിന്റെ ദ ലോർഡ് ഓഫ് ദ റിങ്സ് (The Lord of the Rings/J.R.R. Tolkien) എന്ന ക്ലാസിക് ഫാന്റസി നോവൽ ത്രിത്രയം സാങ്കല്പികമായ ഒരു പ്രാക്തനകാലത്തെ പ്രാക്തനരാജ്യങ്ങളെയും ജനതകളെയും അവതരിപ്പിച്ചു. ജൊനാതൻ സ്വിഫ്റ്റിന്റെ ‘ഗളിവേഴ്സ് ട്രാവൽസി’ലും അതിവിചിത്രമായ ഭാവനാലോകങ്ങൾ കാണാം. ബാൾനിബർബി, ബ്രോബ്ഡിങ്നാഗ്, ഗ്ലബ്ഡബ്ഡ്രിബ്, ലാപുട്ട, ലിലിപുട്ട്, ബ്ലെഫസ്കു, ലഗ്നാഗ് തുടങ്ങിയ വിചിത്രരാജ്യങ്ങളിലാണ് സഞ്ചാരിയായ ലെമുവൽ ഗള്ളിവർ എത്തിപ്പെടുന്നത്. ‘ഓസ് നഗരത്തിലെ അദ്ഭുത മാന്ത്രികൻ’ (The Wonderful Wizard of Oz) ഉൾപ്പെടെയുള്ള ഓസ്നോവലുകൾ സൃഷ്ടിച്ച എൽ.ഫ്രാങ്ക്ബോം കുട്ടികൾക്കു പ്രിയപ്പെട്ട ഭാവനാരാജ്യങ്ങൾ സൃഷ്ടിച്ചു. ഓസ് നഗരവും മൻച്കിനുകളുടെയും ക്വാഡ്ലിങ്ങുകളുടെയും നാടുകളും കളിമൺനാടുമെല്ലാം സൃഷ്ടിച്ച ഫ്രാങ്ക്ബോം കുട്ടികളെ മാത്രമല്ല മുതിർന്നവരെയും ഭാവനാഭൂപടങ്ങളുടെ അടിമകളാക്കി.

ജോർജ് ഓർവെലിന്റെ ‘നയന്റീൻ എയ്റ്റി ഫോർ’ എന്ന നോവൽ ഒരു ദുഃസ്വപ്നലോക(dystopia)മാണ് അവതരിപ്പിച്ചത്. ഭരണാധികാരിയായ ‘വല്യേട്ടൻ’ എപ്പോഴും തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന, യന്ത്രങ്ങൾ നോവലെഴുതുന്ന ഒരു സർവാധിപത്യലോകം. യൂറേഷ്യ, ഒഷ്യാനിയ തുടങ്ങിയ സൂപ്പർ രാജ്യങ്ങൾ ഈ നോവലിൽ ഓർവെൽ അവതരിപ്പിച്ചു. മാർഗരറ്റ് ആറ്റ്‌വുഡിന്റെ ‘ദ ഹാൻഡ് മെയ്ഡ്സ് ടെയ്‌ലി’ൽ റിപ്പബ്ലിക്ക് ഓഫ് ഗിലിയഡ് (Republic of Gilead) എന്ന സാങ്കല്പികരാജ്യം കാണാം. അണുബോംബുസ്ഫോടനംപോലുള്ള ഒരു മഹാദുരന്തത്തിനും പ്രസിഡന്റിനും പാർലമെന്റിനും നേരെയുള്ള തീവ്രവാദി ആക്രമണത്തിനും വിപ്ലവത്തിനുംശേഷം സൈനികസർവാധിപത്യം നടപ്പിലാവുന്ന ഈ ഭാവനാരാഷ്ട്രം അമേരിക്കയാണെന്നു കാണാൻ വിഷമമില്ല.







പ്ലേറ്റോ



ജോർജ് ഓർവെൽ



തോമസ് മൂർ

ആർതർ കോനൻ ഡോയ്‌ലിന്റെ ‘ദ ലോസ്റ്റ് വേൾഡും’ (The Lost World) ഒരു ഭാവനാലോകത്തിന്റെ കഥ പറയുന്നു. തെക്കേ അമേരിക്കയിലെ ഒരു പീഠഭൂമിയിൽ ജുറാസിക് കാലത്തെ ജന്തുവർഗങ്ങൾ ജീവിക്കുന്നതു കണ്ടെത്തുന്ന ജന്തുശാസ്ത്ര പ്രൊഫസർ ജോർജ് എഡ്വേഡ് ചലഞ്ചറുടെയും ആ പര്യവേക്ഷണകഥ വിവരിക്കുന്ന പത്രപ്രവർത്തകൻ മലോണിന്റെയും കഥയാണിത്.

‘ഏകാന്തതയുടെ നൂറു വർഷങ്ങളിൽ’ ഗബ്രിയേൽ ഗാർസിയാ മാർക്കേസ് ‘മക്കൊണ്ടോ’ എന്ന ഭാവനാ ഭാഗം സൃഷ്ടിച്ചു. ‘ചരിത്രാതീത കാലത്തെ മുട്ടകളെപ്പോലെ ഒഴുകുന്ന വെളുത്തു വലുതായ, മിനുസമായ കല്ലുകളുടെ മീതെ ഒഴുകുന്ന തെളിഞ്ഞ ജലമുള്ള ഒരു നദിയുടെ കരയിലെ’ ആ ഗ്രാമത്തിന്റെ കഥ 20-ാം നൂറ്റാണ്ടിലെ ക്ലാസിക്ക് നോവലുകളിലൊന്നായി മാറി. ആർ.കെ. നാരായണന്റെ ‘മാൽഗുഡി’യും ഒ.വി. വിജയന്റെ ‘ധർമപുരി’യും (ധർമപുരാണം) സേതുവിന്റെ ‘പാണ്ഡവപുര’വുമെല്ലാം ഭാവനാരാഷ്ട്രങ്ങൾതന്നെ. ക്ലാസിക്കുകളിൽ മാത്രമല്ല ചിത്രകഥകളിലും അപസർപ്പകകഥകളിലും മറ്റു ജനപ്രിയ രചനാരൂപങ്ങളിലുമെല്ലാം ഭാവനാരാഷ്ട്രങ്ങളുണ്ട്.

### ‘മക്കൊണ്ടോ’ എന്ന ഭാവനാരാഷ്ട്രം

*ചെറുപ്പകാലത്ത് ജോസ് ആർക്കേഡിയോ ബുവേൻഡിയയും കൂട്ടുകാരും സകുടുംബം വളർത്തുമൃഗങ്ങളും ജംഗമവസ്തുക്കളുമായി കടൽത്തീരത്തെത്താനായി മലകൾ നടന്നു കയറി ഇരുപത്തിയാറുമാസം സഞ്ചരിച്ചു. ആ പര്യടനം ഫലവത്താകാതെ വന്നപ്പോൾ, തിരികെ പോകാൻ മടിച്ചു സ്ഥാപിച്ചതാണ് മക്കൊണ്ടോ ഗ്രാമം. കഴിഞ്ഞകാലത്തെ ഓർമകളുണർത്തുന്ന ഒന്നായിരുന്നതിനാൽ കിഴക്കുഭാഗത്തേക്കു നീങ്ങുന്നതിൽ അയാൾക്ക് ഉത്സാഹമുണ്ടായിരുന്നില്ല. തെക്കുഭാഗത്ത് അനന്തമായ ചതുപ്പുപ്രദേശമായിരുന്നു. പടിഞ്ഞാറുഭാഗത്തു ചതുപ്പുനിലത്തിന്റെ തുടർച്ചയായ വലിയ തടാകമായിരുന്നു. സ്തനങ്ങളുടെ അസാധാരണമായ ആകർഷകത്വംകൊണ്ട് കപ്പലോട്ടക്കാരെ നാശത്തിലേക്കു നയിച്ചിരുന്ന ജലകന്യകമാരുണ്ടായിരുന്നു അവിടെ. തപാൽ സാമഗ്രികൾ വഹിച്ച് സഞ്ചരിച്ചിരുന്ന കോവർകഴുതകളുടെ മാർഗത്തിലെത്താൻ ഈ ജലമാർഗത്തിലൂടെ ജിപ്സികൾക്ക് ആറുമാസം സഞ്ചരിക്കേണ്ടിവന്നു. ജോസ് ആർക്കേഡിയോ ബുവേൻഡിയയുടെ കണക്കുകൂട്ടൽ അനുസരിച്ച് നാഗരികതയുമായി ബന്ധപ്പെടാനുള്ള ഒരേ ഒരുമാർഗം വടക്കുഭാഗത്തുകൂടെ മാത്രമായിരുന്നു. അതുകൊണ്ട് മക്കൊണ്ടോ സ്ഥാപനകാലത്ത് തന്റെ കൂടെയുണ്ടായിരുന്ന ആളുകളുടെ കൈയിൽ അയാൾ പണിയായുധങ്ങൾ കൊടുത്തു. ദിക്ക് അറിയാനുള്ള ഉപകരണങ്ങളും ഭൂപടങ്ങളും ഒരു സഞ്ചിയിലാക്കി അയാൾ ആ സാഹസികയത്നത്തിലേക്ക് എടുത്തുചാടി.*

*ആദ്യനാളുകളിൽ അവർക്ക് വലിയ പ്രതിബന്ധങ്ങൾ നേരിടേണ്ടിവന്നില്ല. പാറക്കെട്ടുകളുള്ള നദീതീരത്തുകൂടെ നടന്ന്, വർഷങ്ങൾക്ക് മുമ്പ് അവർ പട്ടാളക്കാരന്റെ പടച്ചട്ട കണ്ടെത്തിയ സ്ഥലത്തെത്തി. അവിടെനിന്ന് കാട്ടുനാരകച്ചെടികളുടെ ഇടയിലൂടെ നടന്ന് അവർ വനത്തിൽ കടന്നു. ആദ്യത്തെ ആഴ്ചയുടെ അവസാനം അവർ ഒരു മാനിനെക്കൊന്നു പൊരിച്ചുവെങ്കിലും മുഴുവനും തിന്നുതീർത്തില്ല. പകുതി തുടർന്നുള്ള ദിവസങ്ങളിലേക്കായി ഉപ്പിട്ടു സൂക്ഷിച്ചു. ഈ മുൻകരുതൽ എടുത്തിരുന്നതുകൊണ്ട് രുചിക്കുറവുള്ള ചെറുജീവികളുടെ മാംസം ഭക്ഷിക്കുക എന്ന ആവശ്യം നേരിടേണ്ടിവന്നില്ല. പിന്നീട് അടുത്ത പത്തുനാളുകൾ അവർ സൂര്യനെ കണ്ടതേയില്ല. അഗ്നിപർവ്വതത്തിൽ നിന്നുതിരുന്ന ചാരംപോലെ മൃദുവും ഈർപ്പം നിറഞ്ഞതുമായ സ്ഥലത്തുകൂടെ അവർ നടന്നു; ഇടതൂർന്നു വളരുന്ന സസ്യങ്ങൾ; പക്ഷികളുടെ ശബ്ദവും വാനരന്മാരുടെ കശപിശകൂട്ടലും*

അവരിൽനിന്നും അകലെയായി; പരിസരം ദുഃഖത്തിലാഴ്ന്ന പോലെ. വർണഭംഗിയാർന്ന സസ്യങ്ങളേയും ജന്തുക്കളേയും മഴുവിന് ഇരയാക്കി, ആവി പൊന്തുന്ന എണ്ണക്കുളങ്ങളിലൂടെ നടന്നു നീങ്ങുമ്പോൾ ആ സാഹസിക പര്യടനത്തിൽ പങ്കെടുത്തിരുന്നവർ പുരാതനസ്മൃതികളിൽ മുഴുകി. മിണ്ടാട്ടമില്ലാതെ, മിന്നാമിനുങ്ങുപോലുള്ള പ്രാണികളുടെ ചിറകുകളിൽനിന്നുള്ള വെളിച്ചംമാത്രം കണ്ടുകൊണ്ട് നിദ്രാടനക്കാരെപ്പോലെ അവർ ഒരു ദുഃഖപ്രപഞ്ചത്തിലൂടെ നടന്നു നീങ്ങി. ശ്വാസകോശങ്ങൾക്കകത്ത് ഒരുവക രക്തത്തിന്റെ ഗന്ധം അടിച്ചു കയറി അവർക്ക് വീർപ്പുമുട്ടി. മുന്നോട്ടു നടന്നുകയറാനായി വെട്ടിയകറ്റിയ പടർപ്പുകൾ കൺമുന്നിൽവെച്ചു വളർന്നു കൂടുന്നതുപോലെ തോന്നിച്ചിരുന്നതുകൊണ്ട് തിരിച്ചു നടക്കാൻ പറ്റുകയില്ലായിരുന്നു. കുഴപ്പമൊന്നുമില്ല. ജോസ് ആർക്കേഡിയോ ബുവേൻഡിയ പറയുമായിരുന്നു: 'പ്രധാന കാര്യം മനസ്ഥൈര്യം വിടാൻ പാടില്ല എന്നതാണ്.' ദിഗ്ദർശിനിയുടെ സഹായത്തോടെ അയാൾ അനുചരരെ ഉത്തരമാർഗത്തിലൂടെ മുന്നോട്ടു നയിച്ചു. അതൊരു നക്ഷത്രശൂന്യമായ ഇരുണ്ടരാത്രിയായിരുന്നു. നല്ല കാറ്റ്. രണ്ടാഴ്ചയ്ക്കുള്ളിൽ ആദ്യമായി അവർ ഭാണ്ഡം നിലത്തിറക്കിവെച്ചു സുഖമായി ഉറങ്ങി. ഉദിച്ചു വളരെക്കഴിഞ്ഞാണ് അവർ ഉണർന്നത്. അത്ഭുതംകൊണ്ട് അവർക്ക് മിണ്ടാൻ കഴിഞ്ഞില്ല. ഇലച്ചിലുകൾക്കും മരങ്ങൾക്കുമിടയ്ക്കു പ്രാതപ്രകാശത്തിൽ മുങ്ങി ഒരു വലിയ സ്പാനിഷ് കപ്പൽ. ഒരു വശത്തേക്ക് അല്പം താണ്, കേടുപാടുകൂടാത്ത പായ്മരത്തോടുകൂടി, ചെടികൾ പടർന്ന് വളർന്ന്, പൂപ്പൽ പിടിച്ച് നിൽക്കുന്നു. കാലത്തിന്റെയും പക്ഷികളുടെയും അതിക്രമത്തിനിരയാകാതെ സ്വന്തം സ്ഥലത്ത് ഏകാന്തതയിലും വിസ്മൃതിയിലും മുഴുകി നില്ക്കുകയാണ് അതെന്നു തോന്നിച്ചു. അകത്തു കയറി നോക്കിയപ്പോൾ നിറയെ പൂക്കളല്ലാതെ മറ്റൊന്നുമില്ല.

***ഏകാന്തതയുടെ 100 വർഷങ്ങൾ***
ഗബ്രിയേൽ ഗാർസിയ മാർക്വേസ്, വിവ. എസ്. വേലായുധൻ

• • •

## ഭീതിയുടെ ധർമ്മപുരി

ധർമപുരിക്കാർ ഈ തലസ്ഥാനനഗരിയെ ശാന്തിഗ്രാമമെന്നു വിളിച്ചു. പറങ്കികൾ അവിടെ നാടു വാണിരുന്ന കാലത്തും അതേ നഗരംതന്നെ ആയിരുന്നു ധർമപുരിയുടെ തലസ്ഥാനം. എന്നാൽ, അന്ന് അതിന്റെ പേര് മഹാ നഗരമെന്നായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടെ അധികാരത്തിന്റെ മുഖമുദ്ര അമ്പേ മാറി. ധർമപുരിയുടെ പ്രാചീന തപസ്വികളുടെ സംസ്കൃതിയെ മാനിക്കുവാൻ പുതിയ ഭരണകൂടം പ്രതിജ്ഞാബദ്ധമായിരുന്നു. അങ്ങനെ ലോകത്തിലെ രാഷ്ട്രങ്ങളത്രയും ഭൗതികാസക്തികളിൽ മുഴുകിക്കഴിഞ്ഞപ്പോൾ ധർമത്തിന്റെയും സത്യത്തിന്റെയും പാതയിൽ ധർമപുരി തനിച്ചാവുകയും കിടമത്സരമില്ലാതെ ലോകത്തിന്റെ ആത്മീയനേതൃത്വം ധർമപുരിക്ക് കൈവരികയും ചെയ്തു. സത്യവും ധർമവും രാഷ്ട്രമീമാംസയായി മാറിയപ്പോൾ ഭരണകൂടവും പരിവർത്തനം പ്രാപിച്ചു. തങ്ങളുടെ സൈന്യങ്ങളെ യുദ്ധത്തിനിറക്കുകയില്ലെന്നും മറിച്ച് ലോകരാഷ്ട്രങ്ങളെ തമസ്സിന്റെ മാർഗത്തിൽനിന്ന് പിൻതിരിപ്പിക്കാൻ ഉപയോഗിക്കുകയേ ഉള്ളുവെന്നും ധർമപുരി നിശ്ചയിച്ചു. പറങ്കികളിൽനിന്നു കൊല്ലും കൊലയും കൂട്ടബലാൽസംഗവും മറ്റേതു സൈന്യത്തെയും പോലെ അഭ്യസിച്ച ധർമപുരിയുടെ സൈന്യം സ്വാതന്ത്ര്യാനന്തരം ഉപദേഷ്ടാക്കളുടെ സുവിശേഷസംഘങ്ങളായി മാറി. തങ്ങളും അയൽക്കാരുമായി നിരന്തരം നടന്ന വെടിവയ്പും അതിർത്തിത്തർക്കങ്ങളുമൊക്കെ യുദ്ധങ്ങളല്ലാതായിത്തീരുകയും ധർമപുരിയുടെ ദുഃഖങ്ങളായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. സാമ്രാജ്യഭരണകാലത്ത് പറങ്കികൾക്കെതിരെ കണ്ഠക്ഷോഭം ചെയ്തും ആളുകളെ ഇളക്കിവിട്ടും അങ്ങുമിങ്ങും കല്ലെറിഞ്ഞും ചെറുകിട വിപ്ലവരംഗങ്ങൾ സൃഷ്ടിച്ച ധർമഭടന്മാർ അധ്യാത്മകക്ഷി എന്ന പേരിൽ സംഘടിക്കുകയും ചെയ്തു. സത്യപ്രതിജ്ഞ ചെയ്ത ഏതാനും ദിവസങ്ങൾക്കകംതന്നെ നൂറ്റാണ്ടുകൾക്കു മുമ്പ് ഋഷികൾ തപം ചെയ്തു മോക്ഷം പ്രാപിച്ച കാടുകളത്രയും പ്രജാപതി സന്ദർശിച്ചു. ഋഷിമാരുടെ വസ്ത്രം വൽക്കലമായിരുന്നല്ലോ. ആയതിനാൽ പ്രജാപതിയും ഈ സന്ദർശനവേളകളിൽ വൽക്കലമുടുത്തു. പുതിയ രാഷ്ട്രത്തിന്റെ ഉത്സവങ്ങൾക്കത്രയും പ്രജാപതി വൽക്കലം ധരിക്കണമെന്ന വഴക്കം അങ്ങനെയാണ് ഉണ്ടായിത്തീർന്നത്. ശരീരമത്രയും വൽക്കലംകൊണ്ടു മൂടാൻ കഴിഞ്ഞില്ലെങ്കിലും മർമസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഒരു കഴഞ്ച് വൽക്കലം തുന്നിച്ചേർത്താൽ മതിയായിരുന്നു. ചില മരങ്ങളുടെ തൊലികൾക്ക് ഇന്ദ്രിയോദ്ദീപന സിദ്ധികൾ ഉണ്ടെന്നതും വാസ്തവമായിരുന്നു. ആർഷജ്ഞാനം പിൽക്കാലത്ത് ഇങ്ങനെയാണല്ലോ ഉപയോഗപ്പെടാറ്. പ്രജാപതിയുടെ അനുയായികളായ അധ്യാത്മ കക്ഷിയംഗങ്ങളിൽ എല്ലാവരും വൽക്കലം ധരിച്ചുതുടങ്ങി. നഗരത്തിലെ വാണിയന്മാരും കൂട്ടിനികളും ദല്ലാളുകളും അപ്രകാരം ചെയ്തു.

***ധർമ്മപുരാണം***
ഒ.വി. വിജയൻ

• • •

## 'ഓസ് എന്ന ഭാവനാ നഗരം

അതിസുന്ദരമായ രാജ്യത്താണ് ചുഴലിക്കാറ്റ് ആ വീടിനെ പതുക്കെ കൊണ്ടുവച്ചത്. എല്ലായിടവും നിറഞ്ഞ പച്ചപ്പായിരുന്നു. പഴുത്ത കിനിഞ്ഞ പഴങ്ങളുള്ള മരങ്ങൾ, ഭംഗിയുള്ള പൂക്കൾ നിറഞ്ഞ മരച്ചില്ലകൾ, മരങ്ങളിലും കുറ്റിക്കാട്ടിലും മധുരമായി പാടിക്കൊണ്ട് തത്തിക്കളിക്കുന്ന ഭംഗിയുള്ള കിളികൾ. പച്ചവിരിച്ച തിട്ടകളിൽ തട്ടിത്തടവി കുണുങ്ങിയൊഴുകുന്ന ഒരു കൊച്ചരുവിയും അവിടെയുണ്ടായിരുന്നു. തന്റെ മണിനാദത്തിൽ, അങ്ങ്, ദൂരെ ഒരു നരച്ച പ്രെയറിയിൽ നിന്നുവന്ന നമ്മുടെ കൊച്ചു ഡൊറോത്തിക്ക് അവൾ സ്വാഗതമോതി.

സുന്ദരങ്ങളായ കാഴ്ചകൾ കണ്ട് മതിമറന്ന ഡൊറോത്തി പെട്ടെന്നാണ് അതിശയകരമായ മറ്റൊരു കാഴ്ച കണ്ടത്. താനിതുവരെ കണ്ടിട്ടില്ലാത്ത ഒരുപറ്റം ആളുകൾ തനിക്കുനേരെ നടന്നു വരുന്നു. താൻ കണ്ടു പരിചയിച്ച ഗ്രാമീണരെപ്പോലെ അത്ര ഉയരമുള്ളവരായിരുന്നില്ല ഇവർ. എന്നാൽ തീരെ കുള്ളന്മാരായിരുന്നില്ല. അവർക്ക് ഡൊറോത്തിയുടെ പൊക്കമേ ഉണ്ടായിരുന്നുള്ളു. എന്നാലോ അവർ മുതിർന്നവരുമായിരുന്നു.

വിചിത്രങ്ങളായ വേഷങ്ങൾ ധരിച്ച മൂന്നു പുരുഷന്മാരും ഒരു സ്ത്രീയുമായിരുന്നു സംഘാംഗങ്ങൾ. തലയിൽനിന്നും ഒരടി നീളത്തിൽ ഉയർന്നുനില്ക്കുന്ന വട്ടത്തൊപ്പി അവർ ധരിച്ചിരുന്നു. അതിന്റെ വശങ്ങളിൽ ഞാത്തിയിട്ടിരുന്ന മണികൾ അവർ നടക്കുമ്പോൾ കിലുങ്ങി. പുരുഷന്മാരുടെ തൊപ്പികൾക്കു നീലനിറമായിരുന്നു. സ്ത്രീയുടേതിന് വെള്ളയും. തോളിൽനിന്ന് താഴേക്ക് ഞൊറിവുകളുള്ള വെളുത്ത കുപ്പായമാണ് ആ സ്ത്രീ ധരിച്ചിരുന്നത്. വസ്ത്രത്തിന്മേൽ പതിച്ചിരുന്ന നക്ഷത്രങ്ങൾ സൂര്യപ്രകാശത്തിൽ വൈരംപോലെ തിളങ്ങി. പുരുഷന്മാരുടെ വേഷങ്ങൾക്ക് തൊപ്പിയുടെ അതേ നീലനിറമായിരുന്നു. നന്നായി മിനുക്കിയ, അറ്റത്ത് നീലനിറം കലർന്ന ബൂട്ടുകൾ അവർ അണിഞ്ഞിരുന്നു. തന്റെ അമ്മാവൻ ഹെൻറിയെപ്പോലെതന്നെ പ്രായമുള്ളവരാണ് അവരെന്നാണ് ഡൊറോത്തി കരുതിയത്. കാരണം അവരിൽ രണ്ടുപേർക്കു താടിയുണ്ടായിരുന്നു. എന്നാൽ ആ സ്ത്രീയാകട്ടെ കിഴവിതന്നെയായിരുന്നു. അവരുടെ മുഖത്തു നിറയെ ചുളിവുകളുണ്ടായിരുന്നു. മുടി ഏതാണ്ട് നരച്ചിരുന്നു. എന്നാൽ നിവർന്നുതന്നെയായിരുന്നു അവരുടെ നടത്തം.

• • •



നിരത്തിനിരുവശവും ധാരാളം കടകളുണ്ടായിരുന്നു. അവയിലെ സാധനങ്ങൾക്കെല്ലാം പച്ചനിറമാണെന്ന് ഡൊറോത്തി കണ്ടെത്തി. പച്ചനിറമുള്ള മിഠായിയും ചോളപ്പൊരിയും എന്തിന് പച്ചഷൂസും പച്ചത്തൊപ്പിയും പച്ചയുടുപ്പുകളും എല്ലാം വില്പനയ്ക്കുണ്ടായിരുന്നു. ഒരിടത്ത് ഒരാൾ പച്ചനാരങ്ങാവെള്ളം വില്ക്കുന്നത് ഡൊറോത്തി കണ്ടു. കുട്ടികൾ അതു വാങ്ങി പകരം പച്ചനിറമുള്ള നാണയങ്ങൾ കൊടുക്കുന്നതും ഡൊറോത്തി കണ്ടു.

അവിടെ കുതിരകളെയോ ഏതെങ്കിലും തരം മറ്റു മൃഗങ്ങളെയോ കണ്ടില്ല. ആളുകൾ പച്ചനിറമുള്ള ഉന്തുവണ്ടികളിലാണ് സാധനങ്ങൾ വില്ക്കാൻ കൊണ്ടുവന്നിരുന്നത്. എല്ലാവരും സന്തുഷ്ടരും സംതൃപ്തരുമായി കാണപ്പെട്ടു.

നഗരത്തിന്റെ ഒത്ത നടുക്കുള്ള ഒരു കൂറ്റൻമാളികയിലേക്ക് കാവൽക്കാരൻ അവരെ നയിച്ചു. അതായിരുന്നു മഹാനായ മാന്ത്രികൻ 'ഓസി'ന്റെ കൊട്ടാരം. പച്ചനിറമുള്ള യൂണിഫോമും പച്ചത്താടിയുമുള്ള ഒരു പട്ടാളക്കാരൻ അവിടെ കാവൽനില്പുണ്ടായിരുന്നു.

• • •

ഒരു വലിയ താമ്പാളത്തിന്റെ അടിഭാഗത്തെ തിളക്കംപോലെ വെളുത്തു തിളങ്ങുന്ന തറയോടുകൂടിയ ഒരു രാജ്യമായിരുന്നു മതിലിനപ്പുറത്ത്. കളിമണ്ണുകൊണ്ടു നിർമ്മിച്ച അനേകം വീടുകൾ. എല്ലാം തിളങ്ങുന്ന ചായമടിച്ചവ. എല്ലാ വീടുകളും തീരെ ച്ചെറുതായിരുന്നു. ഏറ്റവും വലിയ വീടിന് ഡൊറോത്തിയുടെ അരക്കെട്ടുവരെയേ പൊക്കമുണ്ടായിരുന്നുള്ളു. കൊച്ചു കളപ്പുരകളുണ്ടായിരുന്നു ഓരോ വീടിനും. അവയ്ക്കു ചുറ്റും കളിമൺവേലികളുണ്ടായിരുന്നു. കളിമണ്ണിലുണ്ടാക്കിയ പശുക്കൾ, ആട്, കോഴി, താറാവ്, പന്നി എല്ലാം വീടിനു മുന്നിൽ സംഘങ്ങളായി നില്പുണ്ടായിരുന്നു.

ആ രാജ്യത്തെ ജനങ്ങളായിരുന്നു ഏറ്റവും വലിയ കാഴ്ച. പാൽക്കാരികളും ആട്ടിടയന്മാരുമായിരുന്നു അവർ. അവരുടെ കുപ്പായങ്ങളിൽ സ്വർണ്ണപ്പൊട്ടുകളുണ്ടായിരുന്നു. രാജകുമാരിമാരുടെ കുപ്പായങ്ങളിൽ വെള്ളി, സ്വർണ്ണം, പിംഗലവർണ്ണം എന്നീ നൂലുകൾ പാകിയിരുന്നു. ആട്ടിടയന്മാർ പിങ്ക്, മഞ്ഞ, നീല വരകളുള്ള മുട്ടോളമെത്തുന്ന കാൽച്ചട്ടകളണിഞ്ഞിരുന്നു. അവരുടെ പാദുകങ്ങളിൽ സ്വർണ്ണക്കൊളുത്തുകളുമുണ്ടായിരുന്നു. രാജകുമാരന്മാർ സാറ്റിൻകൊണ്ടുള്ള മേൽക്കുപ്പായവും തലയിൽ രോമത്തൊപ്പിക്കുമേൽ രത്നകിരീടവും അണിഞ്ഞിരുന്നു. ഞൊറിവുള്ള കുപ്പായങ്ങളണിഞ്ഞ കോമാളികൾ കൂർമ്പൻതൊപ്പിയണിഞ്ഞ് കവിളിൽ ചുവന്ന പുള്ളികൾ കുത്തിയിരുന്നു. എല്ലാത്തിലും വിചിത്രം അവരെല്ലാം കളിമണ്ണുകൊണ്ടുണ്ടാക്കിയവരായിരുന്നു എന്നതാണ്.

• • •

കാഡ്‌ലിങ്ങുകളുടെ രാജ്യം സമൃദ്ധവും സന്തുഷ്ടവുമായിരുന്നു. പഴുത്തു പാകമായ ധാന്യങ്ങൾ നിറഞ്ഞ പാടമുണ്ടായിരുന്നു അവിടെങ്ങും. ഇടയ്ക്ക് നല്ല നിരത്തുകളും. ഒരു പുഴ കുണുങ്ങിയൊഴുകുന്നുണ്ടായിരുന്നു. നല്ല ഉറച്ച പാലങ്ങൾ ആ പുഴയ്ക്കു കുറുകെ ഉണ്ടായിരുന്നു. വിൻകികളുടെ നാട്ടിൽ മഞ്ഞയും മൻച്കിനുകളുടെ നാട്ടിൽ നീലയുംപോലെ ഇവിടെ എല്ലാത്തിനും ചുവപ്പുനിറമായിരുന്നു. വേലിക്കും വീടുകൾക്കും പാലത്തിനുമെല്ലാം. പൊക്കം കുറഞ്ഞു തടിച്ച്, കൊഴുത്തുരുണ്ട, കാണാൻ ഭംഗിയുള്ള കാഡ്‌ലിങ്ങുകളെല്ലാം ചുവന്ന നിറത്തിലുള്ള വേഷമാണ് അണിഞ്ഞിരുന്നത്. പച്ചനിറമുള്ള പുല്ലിനും മഞ്ഞധാന്യങ്ങൾക്കുമിടയിൽ അവയ്ക്ക് നല്ല തെളിമ തോന്നിച്ചു.

***ഓസ് നഗരത്തിലെ അദ്ഭുത മാന്ത്രികൻ***
എൽ. ഫ്രാങ്ക് ബോം
വിവർത്തനം: രാധിക സി. നായർ

• • •

# സമുദ്രാതിർത്തികൾ

ഓരോ രാജ്യത്തിനും അതിനോടു ചേർന്നു കിടക്കുന്ന സമുദ്രഭാഗത്തിൽ വിശേഷാധികാരമുണ്ട്. കരയിൽനിന്ന് 200 നോട്ടിക്കൽ മൈൽ (nautical mile) ദൂരം കടൽ ആ രാജ്യത്തിന്റെ തനതു സാമ്പത്തിക മേഖല (exclusive economic zone)യാണ്. 1852 മീറ്റർ അഥവാ 6076.1155 അടിയാണ് ഒരു നോട്ടിക്കൽ മൈൽ. 200 നോട്ടിക്കൽ മൈൽ അഥവാ 370 കിലോമീറ്ററാണ് ഓരോ രാജ്യത്തിന്റെയും എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ. ഐക്യരാഷ്ട്രസഭ അംഗീകരിച്ച കടൽ നിയമ (Law of the Sea)മനുസരിച്ചാണ് സാമ്പത്തികമേഖല നിജപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിലെ സമുദ്രവിഭവങ്ങൾ ഉപയോഗിക്കാനുള്ള അവകാശം ആ രാജ്യത്തിനു മാത്രമായിരിക്കും.

സമുദ്രത്തെ വിവിധ ഭാഗങ്ങളായി വേർതിരിച്ചിട്ടുണ്ട്. തീരത്തോടു ചേർന്ന കടലിനെ ഇന്റേണൽ വാട്ടേഴ്സ് (internal waters) എന്നും അത് അവസാനിക്കുന്നിടത്തെ ബെയ്സ് ലൈൻ (baseline) എന്നും പറയുന്നു. ബെയ്സ് ലൈനിൽനിന്നുള്ള 200 നോട്ടിക്കൽ മൈലാണ് എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ. ബെയ്സ്‌ലൈനിൽനിന്നുള്ള 12 നോട്ടിക്കൽ മൈൽ ദൂരമാണ് തദ്ദേശീയ സമുദ്രമേഖല അഥവാ ടെറിറ്റോറിയൽ വാട്ടേഴ്സ്. അവിടെനിന്നുള്ള 12 നോട്ടിക്കൽ മൈൽ സമീപസ്ഥസമുദ്രമേഖല അഥവാ കണ്ടിഗെസ് സോൺ (contiguos zone). തനതു സാമ്പത്തിക മേഖല കഴിഞ്ഞുള്ള സമുദ്രഭാഗം അന്താരാഷ്ട്ര സമുദ്രമേഖല (international waters) ആണ്. ഒരു രാജ്യത്തിന്റെ നിയമപരിധിക്കുപുറത്തുള്ള ഈ സമുദ്രമേഖലയെ ഹൈസീസ് (High Seas) എന്നും പറയും.



ന്യൂയ്

ന്യൂയ് ന്യൂസീലൻഡിനു കീഴിലുള്ള സ്വയംഭരണദ്വീപാണ്. ബ്രിട്ടനു കീഴിലായിരുന്ന ന്യൂയ് 1901-ൽ ന്യൂസീലൻഡിനു ലഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ പവിഴദ്വീപുകളിൽ ഒന്നാണ് ന്യൂയ്. വൻതോതിലുള്ള യുറേനിയംനിക്ഷേപം ഇവിടെയുണ്ട്. ന്യൂസീലൻഡിന്റെ സഹായവും ടൂറിസവുമാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ.

### തൊക്കലാവു (Tokelau)

ഭാഷ : തൊക്കലാവുവൻ, ഇംഗ്ലിഷ്
ഇന്റർനെറ്റ് വിലാസം : .tk

മൂന്നു പവിഴദ്വീപുകളടങ്ങുന്ന തൊക്കലാവുവിന്റെ പഴയ പേര് യൂണിയൻ ദ്വീപുകൾ എന്നാണ്. 1976-ൽ ഇന്നത്തെ പേര് സ്വീകരിച്ചു. ദ്വീപിന് സ്വയംഭരണാവകാശമില്ല. സാമ്പത്തിക പിന്നാക്കം നിൽക്കുന്ന തൊക്കലാവു ന്യൂസീലൻഡ് നൽകുന്ന സഹായത്തെയും കൊപ്ര, തപാൽസ്റ്റാമ്പ്, കരകൗശലവസ്തു വ്യാപാരങ്ങളെയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. തെങ്ങ്, ശീമപ്ലാവ്, വാഴ, പപ്പായ തുടങ്ങിയവ പ്രധാന കൃഷികൾ. 98% ജനങ്ങളും ക്രൈസ്തവരാണ്.

## ബ്രിട്ടനു കീഴിലുള്ള ദ്വീപുകൾ

### പിറ്റ്കെയ്ൻ ദ്വീപുകൾ (Pitcairn Islands)

ഭാഷ : ഇംഗ്ലിഷ്, പിറ്റ്കേൺ
ഇന്റർനെറ്റ് വിലാസം : .pn

നൂറുപേർ തികച്ചില്ലാത്ത പിറ്റ്കെയ്ൻ നാലു ദ്വീപുകളുടെ കൂട്ടമാണ്. പിറ്റ്കെയ്ൻ, ഹെൻഡേഴ്സൺ, ഡൂസി, ഒയ്നോ എന്നിവയാണ് ദ്വീപുകൾ. പിറ്റ്കെയിനിൽ മാത്രമേ ജനവാസമുള്ളൂ. നൂറ്റാണ്ടുകൾക്കു മുമ്പേ പോളിനീഷ്യൻ ജനങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ബൗണ്ടി കപ്പലിലെ കലാപകാരികളുമായി ബന്ധപ്പെട്ടാണ് പാശ്ചാത്യലോകത്ത് പിറ്റ്കെയിന് ഏറ്റവും കൂടുതൽ പ്രശസ്തി. ബ്രിട്ടീഷ് നാവികസേനയുടെ കപ്പലായ ബൗണ്ടി (Bounty)യിൽ 1789 ഏപ്രിൽ 28-ന് ഉണ്ടായ ലഹള (Mutiny on the Bounty) ഒട്ടേറെ സിനിമകൾക്കും പുസ്തകങ്ങൾക്കും പാട്ടുകൾക്കുമെല്ലാം പ്രേരകമായിട്ടുണ്ട്. ക്യാപ്റ്റൻ വില്യം ബ്ലൈയ്ക്കെതിരെ നാവികനായ ഫ്ളെച്ചർ ക്രിസ്ത്യൻ നയിച്ച കലാപം തഹീതിക്കടുത്തുവെച്ചാണ് ഉണ്ടായത്. കപ്പലിലെ 42 പേരിൽ 18 പേർ ഫ്ളെച്ചർ ക്രിസ്ത്യനൊപ്പം നിന്നു. കപ്പലിൽനിന്നു പുറത്താക്കപ്പെട്ട ക്യാപ്ടൻ ബ്ലൈ ഒരു വഞ്ചിയിൽ 21 നാവികരുമായി 47 ദിവസം നീണ്ട ഐതിഹാസികയാത്ര നടത്തി രക്ഷപ്പെട്ടു. പിന്നീട് അവർ ഇംഗ്ലണ്ടിൽ തിരിച്ചെത്തി സംഭവം വെളിപ്പെടുത്തി. ലഹളക്കാരെ തിരഞ്ഞ് ബ്രിട്ടീഷ് നാവികക്കപ്പലുകൾ പുറപ്പെട്ടു. തഹീതിയിലെത്തിയ ക്രിസ്ത്യനും സംഘവും അവിടെനിന്ന് ആറ് പുരുഷന്മാരെയും 11 സ്ത്രീകളെയും കൂടെക്കൂട്ടി യാത്ര തിരിച്ചു. അങ്ങനെയാണ് അവർ പിറ്റ്കെയ്നിലെത്തിയത്. 1790 ജനുവരി 23-ന് അവർ ബൗണ്ടിക്കു തീവച്ചു. ബൗണ്ടി ബേ എന്നാണ് അവിടം അറിയപ്പെടുന്നത്. ബൗണ്ടിയുടെ അവശിഷ്ടങ്ങൾ ഫിജിയിലെ സൂവയിലുള്ള ഫിജി മ്യൂസിയത്തിലുണ്ട്. 1808-ൽ ടോപാസ് എന്ന അമേരിക്കൻ കപ്പൽ പിറ്റ് കെയ്നിൽ എത്തുമ്പോൾ ലഹളക്കാരിൽ ഒരാൾ (ജോൺ ആഡംസ്) മാത്രമേ ജീവനോടെ ശേഷിച്ചിരുന്നുള്ളൂ. ഒമ്പത് തഹീതിസ്ത്രീകളും അവരുടെ കുഞ്ഞുങ്ങളുമായിരുന്നു അവശേഷിച്ച മറ്റുള്ളവർ. ഫ്ളെച്ചർ ക്രിസ്ത്യൻ ഉൾപ്പെടെയുള്ളവർ തഹീതിക്കാരുമായുള്ള അടിപിടിയിൽ നേരത്തേ കൊല്ലപ്പെട്ടിരുന്നു. ആറ് തഹീതിക്കാരും മരിച്ചു. രണ്ടു സ്ത്രീകൾ ചെങ്കുത്തിൽനിന്ന് കടലിൽ വീണു മരിച്ചു. 1825-ൽ ജോൺ ആഡംസിന് ബ്രിട്ടൻ മാപ്പു നൽകി. പിറ്റ്കെയ്ൻ ദ്വീപിന്റെ തലസ്ഥാനത്തിന് ആഡംസ്ടൗൺ എന്നു പേരുവന്നത് അയാളിൽനിന്നാണ്. ഫ്ളെച്ചർ ക്രിസ്ത്യന് തഹീതിയൻ ഭാര്യയിലുണ്ടായ തേഴ്സ്ഡേ ഒക്ടോബർ ക്രിസ്ത്യൻ



പിറ്റ്കെയ്ൻ സ്റ്റാമ്പുകൾ

വളരെക്കാലം ജീവിച്ചിരുന്നു. പിറ്റ്കെയ്നിൽ ആദരിക്കപ്പെട്ട വ്യക്തിയായിരുന്നു തേഴ്സ്ഡേ.

ന്യൂസീലൻഡിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണറാണ് പിറ്റ്കെയ്ൻ ദ്വീപുകളുടെ ഗവർണർ. അദ്ദേഹത്തിന്റെ ഒരു പ്രതിനിധി ദ്വീപിലുണ്ടാവും. പിറ്റ്കെയ്ൻ മേയറാണ് ദൈനംദിനഭരണം നിർവ്വഹിക്കുന്നത്. പിറ്റ്കെയ്നിന്റെ പ്രധാന വരുമാനം തപാൽസ്റ്റാമ്പ്, തേൻ, കരകൗശലവസ്തുക്കൾ എന്നിവയുടെ വില്പനയാണ്. തുറമുഖമോ എയർസ്ട്രിപ്പോ ഇല്ല. അധികമാരും ഇങ്ങോട്ടുവരാറുമില്ല. തഹീതിയിൽനിന്ന് 30 മണിക്കൂറോളം ബോട്ടിൽ സഞ്ചരിച്ചാലേ പിറ്റ്കെയ്നിലെത്തൂ. മാസങ്ങളിലൊരിക്കലേ ബോട്ട് ഉണ്ടാവൂ. ആറരകിലോമീറ്റർ റോഡുള്ള ദ്വീപിലെ പ്രധാന യാത്രാമാർഗ്ഗം കാൽനട തന്നെ. 2003 സെപ്തംബറിൽ 17 വർഷത്തിനുശേഷം പിറ്റ്കെയ്നിൽ ആദ്യമായി ഒരു കുഞ്ഞു ജനിച്ചു. ■



## പദസൂചി


അക്ബർ 141
അകിര കുറോസാവ 361
അക്കൽ തെക്കി 412
അക്കിം 290
അക്കേമിനിദ് സാമ്രാജ്യം 255
അഖാബ ഉൾക്കടൽ 234, 595
അഗിനാൾഡോ 453
അഗുങ് 124
അങ്കികാ 181
അച്ചടിവിദ്യ 329
അജ്മാൻ 520, 521
അട്രോപറ്റൻ 99
അഡലിലാൻഡ് 48
